# ലിംഗതുല്യത നവകേരളത്തിന്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

| | |
|---|---|
| മലയാളം | Malayalam |
| ലിംഗതുല്യത<br>നവകേരളത്തിന് | Lingathulyatha<br>Navakeralathinu |
| ഒന്നാം പതിപ്പ്:<br>നവംബർ 2023 | First Edition:<br>November 2023 |
| പ്രസാധനം, വിതരണം :<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ – 680004 | Published & Distributed by :<br>Kerala Sasthra Sahithya Parishath<br>Thrissur – 680004 |
| ഇ – മെയിൽ :<br>publicationkssp@gmail.com | E – Mail :<br>publicationkssp@gmail.com |
| അച്ചടി :<br>തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്,<br>അങ്കമാലി | Printed at :<br>Theressa offset printers<br>Angamaly |

₹ 20

KSSP 2875 I E nov 2023 D 1/8 7K 2000 LL 19/23

# പ്രസാധകക്കുറിപ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു ഗ്രാമശാസ്ത്രസമിതിയും, ഗ്രാമശാസ്ത്രജാഥയും. താഴെ തലത്തിലുള്ള അനൗപചാരിക ആസൂത്രണസമിതികളായാണ് ഗ്രാമശാസ്ത്രസമിതികളെ പരിഷത്ത് വിഭാവനം ചെയ്തിരുന്നത്. ജീവിതഗന്ധിയായ വിഷയങ്ങൾ അതിന്റെ വിശദാംശങ്ങളോടെ ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിനായിരുന്നു ഗ്രാമജാഥകൾ നടത്തിയിരുന്നത്. 1970കളിലും 1980കളിലുമാണ് ഈ പ്രവർത്തനങ്ങൾ കൂടുതൽ നടന്നത്. ഇടക്കാലത്ത് ഈ പ്രവർത്തനങ്ങൾ നിർത്തിവച്ചപ്പോഴും ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിന് പദയാത്രകൾക്കുള്ള സാധ്യതയെപ്പറ്റി പരിഷത്തിന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി 26 മുതൽ ഫെബ്രുവരി 28 വരെ നടന്ന കേരളപദയാത്രയുടെ അനുഭവങ്ങൾ ഏറെ ആവേശകരമായിരുന്നു. ഒരു സംസ്ഥാനജാഥയായതിനാൽ നിശ്ചിത സമയത്തിനിടയിൽ ബന്ധപ്പെടാവുന്ന ജനങ്ങൾക്കും പ്രദേശങ്ങൾക്കും പരിധിയുണ്ടായിരുന്നുതാനും.

പദയാത്ര കഴിഞ്ഞ് ഒരു വർഷത്തിനിടയിൽ തന്നെ അന്ന് ചൂണ്ടിക്കാട്ടിയ പലതും ഇന്ത്യയിൽ പുതിയ പ്രതിസന്ധികളായി മാറിയിരിക്കയാണ്. അതിൽ പ്രധാനം ശാസ്ത്രബോധത്തിന്റെയും ഇന്ത്യയിലെ ശാസ്ത്ര സംവിധാനത്തിന്റെയും തകർച്ചയാണ്. സ്വതന്ത്രഇന്ത്യയുടെ പിൻനടത്തത്തിനാണ് ഇന്ന് വേഗത കൂടിക്കൊണ്ടിരിക്കുന്നത്. ഈ തിരിച്ചുപോക്കിനിടയിൽ നവ ലിബറലിസവും കോവിഡും തകർത്തെറിഞ്ഞ ഇന്ത്യയ്ക്ക് ബദലായൊരു ഇന്ത്യ സൃഷ്ടിക്കാൻ കഴിയില്ല. അതിനു കഴിയണമെങ്കിൽ ശാസ്ത്രബോധമടക്കമുള്ള ഭരണഘടനാമൂല്യങ്ങളെ ഇന്നത്തേതിനെക്കാൾ ആഴത്തിൽ പ്രചരിപ്പിക്കാനും ഒപ്പം ഇന്ത്യയിലെ മനുഷ്യ പ്രകൃതിവിഭവങ്ങളെ ആസൂത്രിതമാ

യി വിനിയോഗിക്കാനും കഴിയണം. അത്തരമൊരു ഇന്ത്യയുടെ ഭാഗമായി മാത്രമേ ഒരു നവകേരള സൃഷ്ടിയും സാധ്യമാകൂ എന്ന് ഞങ്ങൾ കരുതുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കരുത്താർജിച്ച സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ കേരളചരിത്രത്തിൽ ഒരു പ്രത്യേക ഘട്ടത്തെ അടയാളപ്പെടുത്തുന്നുവെങ്കിലും ആ പ്രക്രിയയിൽ ശാസ്ത്രബോധം പ്രധാന പങ്കാളിയായിരുന്നില്ല. പ്രശ്നപരിഹാരം ശാസ്ത്രത്തിന്റെ നിരീക്ഷണ-പരീക്ഷണങ്ങളിൽ അധിഷ്ഠിതമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ബൗദ്ധികജീവിതം നയിക്കുന്നവർ പോലും പ്രശ്നപരിഹാരത്തിനായി ഭൗതികേതരമാർഗങ്ങൾ ആരായുന്ന രീതി ശക്തിപ്പെട്ടു. അതിനാൽ പുരോഗമന ആശയങ്ങൾക്കൊപ്പം തന്നെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടി വളരുന്നതിനിടയാക്കി. ഈ സ്ഥിതി വളർന്നു വളർന്ന് ഇപ്പോൾ അന്ധവിശ്വാസവും മതവിശ്വാസവും ഈശ്വരവിശ്വാസവും തമ്മിലുള്ള വ്യത്യാസം പോലും തിരിച്ചറിയാതാവുകയാണ്. അതുകൊണ്ടുതന്നെ അന്ധവിശ്വാസത്തിനെതിരായുള്ള ചെറിയൊരു വിമർശനം പോലും മത/ഈശ്വര വിശ്വാസവിമർശനങ്ങളാക്കി പെരുപ്പിച്ച് തെരുവുകളെപ്പോലും കലാപഭൂമികയാക്കി മാറ്റുകയാണ്.

ഇക്കാര്യങ്ങളെല്ലാം ജനങ്ങൾക്കിടയിൽ ചർച്ചചെയ്യാനുള്ള ബഹുജന വിദ്യാഭ്യാസപരിപാടിയായാണ് ഗ്രാമശാസ്ത്രജാഥ -2023 സംഘടിപ്പിക്കുന്നത്. പുത്തനിന്ത്യ പണിയുവാൻ ശാസ്ത്രബോധം വളരണം എന്നതാണ് പ്രധാന ചർച്ചാവിഷയം. ശാസ്ത്രബോധമാണ് ഒരു സമൂഹത്തിന്റെ ഏറ്റവും ഉയർന്ന രാഷ്ട്രീയബോധം എന്ന തിരിച്ചറിവിലാണ് പരിഷത്ത് ഈ ഒരു വിഷയം ചർച്ചചെയ്യുന്നത്. ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു സംസ്കാരമാണ് ഇതിന്റെ ഉത്പന്നമായി പ്രതീക്ഷിക്കുന്നത്. 2023 ഡിസംബറിലാണ് ഗ്രാമശാസ്ത്രജാഥ നടക്കുന്നത്. കേവലം ഒരു പദയാത്രയായി മാത്രമല്ല ജാഥ സംഘടിപ്പിച്ചത്. കാലികപ്രസക്തമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ, ഗ്രന്ഥങ്ങൾ എന്നിവ പ്രചരിപ്പിക്കും.

അതിന്റെ ഭാഗമായി തയ്യാറാക്കിയ 'ലിംഗതുല്യത നവകേരളത്തിന്' എന്ന വിഷയത്തിലുള്ള ലഘുലേഖയാണിത്. ഇത് പരിഷത്തിന് വേണ്ടി തയ്യാറാക്കിയത് സംഘടനയുടെ തന്നെ ജൻഡർ വിഷയസമിതിയാണ്. ദേശീയ, അന്തർദേശീയതലങ്ങളിൽ സ്ത്രീപ്രസ്ഥാനങ്ങൾ രൂപപ്പെടാനിടയായ സാഹചര്യവും അവ കൈകാര്യം ചെയ്ത പ്രത്യേക അജണ്ടകളും വിശദീകരിക്കുന്നതോടൊപ്പം തന്നെ കേരളത്തിലെ സ്ഥിതിഗതികളും ഉൾപ്പെടുത്തുന്നു. സംഘടനയുടെ ഭാഗമാണെങ്കിലും ജൻഡർ വിഷയസമിതിയോട് ഔപചാരികമായ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഈ വിഷയം കേരളത്തിൽ ചർച്ചയ്ക്കായി സമർപ്പിക്കുകയാണ്.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

## തുല്യതയിലേക്കുള്ള ചുവടുകൾ, സ്ത്രീപ്രസ്ഥാനങ്ങളുടെ പങ്ക്

ഇരുപതാംനൂറ്റാണ്ടിലാണ് ലോകമെമ്പാടുമുള്ള സ്ത്രീപ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചത്. ഫ്യൂഡലിസത്തിന്റെയും യാഥാസ്ഥിതികത്വത്തിന്റെയും വേലിക്കെട്ടുകൾ പൊട്ടിച്ചുകൊണ്ട് മുന്നേറാൻ ഇക്കാലത്ത് സ്ത്രീപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. പ്രത്യയശാസ്ത്രപരമായ അധീശത്വം പുലർത്തുന്ന മുതലാളിത്ത സമ്പദ്ഘടനയും ആധുനികതയുടെ ആശയപ്രപഞ്ചവും സ്ത്രീയുടെ സാമൂഹികവും വ്യക്തിപരവുമായ അസ്തിത്വത്തിന്മേൽ സൃഷ്ടിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ഇത്തരം പ്രസ്ഥാനങ്ങളെ പ്രാപ്തരാക്കി. മുതലാളിത്ത സമ്പദ്ഘടന സ്ത്രീകളെ തൊഴിൽഘടനയുടെ ഭാഗമാക്കിക്കൊണ്ട് വീട്ടിനകത്തും പുറത്തുമായി ഇരട്ടചൂഷണത്തിന് വിധേയരാക്കി. അതേസമയം ആധുനികതയുടെ ആശയപ്രപഞ്ചം സ്ത്രീയുടെ ബോധത്തിന് പുതിയ ആശയതലങ്ങൾ നൽകിക്കൊണ്ട് തങ്ങളെ ചൂഷണം ചെയ്യുന്ന ശക്തികൾക്ക് എതിരായി സംഘടിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യം വളർന്നു വന്ന ലിബറൽ സോഷ്യലിസ്റ്റ് ചിന്താഗതിയുള്ള സ്ത്രീപ്രസ്ഥാനങ്ങൾ മുതലാളിത്തത്തിന്റെ അകത്തുള്ള സംഘർഷങ്ങളെ ചോദ്യംചെയ്തുകൊണ്ടാണ് വളർന്നു വന്നത്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകരാജ്യങ്ങൾ മുതലാളിത്ത–സോഷ്യലിസ്റ്റ് ചേരികളായി തിരിഞ്ഞു. ആഗോളതലത്തിൽ തന്നെ സ്വാതന്ത്ര്യം, ജനാധിപത്യം, സ്ത്രീപുരുഷസമത്വം മുതലായവയെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരാൻ ഇത് സഹായിച്ചു.

കോളനി രാഷ്ട്രങ്ങൾ സ്വതന്ത്രമായതിനുശേഷം അതാതിടങ്ങളിൽ രൂപം കൊണ്ട സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളിൽ സ്ത്രീസമത്വം ഒരു കേന്ദ്രചർച്ചാവിഷയമായിത്തീർന്നു. വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലും അത് കേന്ദ്രവിഷയമായി മാറി. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനം വരെ ബുദ്ധിജീവികേന്ദ്രങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ഫെമിനിസം എന്ന വാക്ക് പൊതുചർച്ചയ്ക്ക് വിധേയമായി. ബെറ്റി ഫ്രീഡൻ, സിമോൺ – ഡി

– ബുവ്വാ,ഷൂലാമിത്ത് ഫയർസ്റ്റോൺ, ജൂലിയറ്റ് മിഷേൽ, ഷെർമൻ ഗ്രിയർ മുതലായവരുടെ പുസ്തകങ്ങളും ലേഖനങ്ങളും വികസിത മുതലാളിത്തലോകത്തിന്റെ ആശയമണ്ഡലങ്ങളിൽ നിന്നുകൊണ്ട് തന്നെ സ്ത്രീയുടെ സാമൂഹികപദവിയെക്കുറിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾ ഉയർത്താൻ സഹായിച്ചു. 1864ൽ കാൾ മാർക്സ് ഒന്നാം ഇന്റർനാഷണൽ വർക്കിങ് മെൻസ് അസോസിയേഷൻ സ്ഥാപിച്ചു. അവിടെ എടുത്ത ഒരു പ്രധാന തീരുമാനം സ്ത്രീകൾക്ക് ട്രേഡ് യൂണിയനുകളിൽ അംഗത്വം കൊടുക്കാം എന്നതായിരുന്നു. ലോകരാഷ്ട്രങ്ങളിൽ എല്ലാംതന്നെ സ്ത്രീത്തൊഴിലാളികൾ സംഘടിക്കുവാൻ ആരംഭിച്ചു. 1908 മാർച്ച് 8ന് ന്യൂയോർക്കിലെ തുണിമിൽ തൊഴിലാളികളായ സ്ത്രീകൾ സേവന–വേതന പരിഷ്കരണവും വോട്ടവകാശവും ആവശ്യപ്പെട്ടുകൊണ്ട് തെരുവിലിറങ്ങി പ്രകടനം നടത്തി. 1910ൽ സോഷ്യലിസ്റ്റ് വിമൻസ് കോൺഫറൻസിന്റെ രണ്ടാം ഇന്റർനാഷണൽ സമ്മേളനം ഈ സമരത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചു. 1911 മുതൽ സോഷ്യലിസ്റ്റ ചേരിയിൽപെട്ട രാജ്യങ്ങൾ മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി ആചരിക്കാൻ തുടങ്ങി. ലോകരാഷ്ട്രങ്ങളിൽ എല്ലാംതന്നെ വോട്ടവകാശത്തിനുവേണ്ടിയുള്ള ശക്തമായ പോരാട്ടങ്ങൾ വനിതാസംഘടനകൾ ആരംഭിച്ചതും ഈ കാലഘട്ടത്തിലാണ്.

1975ൽ അന്താരാഷ്ട്ര വനിതാവർഷമായി ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന (United Nations Organisation – UN) അംഗരാജ്യങ്ങളോട് നിർദേശിച്ചു . മാർച്ച് 8 വനിതാദിനമായി ആചരിക്കാനും നിർദേശിച്ചു. അന്നുമുതൽ ലോകരാജ്യങ്ങളെല്ലാം മാർച്ച് 8 വനിതാദിനമായി ആചരിച്ചു തുടങ്ങി.

യു.എൻ. അംഗരാജ്യങ്ങളോട് സ്ത്രീകളുടെ സാമൂഹിക–സാമ്പത്തിക രാഷ്ട്രീയപദവിയെപ്പറ്റിയുള്ള പഠനങ്ങൾ നടത്തി റിപ്പോർട്ട് നൽകാനും നിർദേശിച്ചിരുന്നു. ഇന്ത്യയുൾപ്പെടെ 190 രാജ്യങ്ങളിൽ നിന്നുള്ള പഠന റിപ്പോർട്ടുകൾ യു.എന്നിന് ലഭിച്ചു. അവ വിലയിരുത്തിയപ്പോൾ ലോകരാജ്യങ്ങളിലെല്ലാം തന്നെ നിലനിൽക്കുന്ന സ്ത്രീ/പുരുഷ അന്തരം ഞെട്ടിക്കുന്നതായിരുന്നു. വളരെ പരിതാപകരമായിരുന്നു സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനം. അതുകൊണ്ട് 1985 വരെയുള്ള 10 വർഷം വനിതാദശകമായി ആചരിക്കാൻ യു.എൻ. ആഹ്വാനം ചെയ്തു. സ്ത്രീപദവി ഉയർത്താനുള്ള വിവിധങ്ങളായ നിർദേശങ്ങളും നൽകി. വനിതാദശകത്തിന്റെ അവസാനം 1985ൽ നെയ്റോബിയിൽ നടന്ന കോൺഫറൻസിൽ യു.എൻ. അംഗീകരിച്ച പ്രമേയം സ്ത്രീയുടെ നേരെ നടക്കുന്ന ചൂഷണം വ്യക്തമാക്കുന്നതായിരുന്നു. 'ലോകത്തെ അധ്വാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ചെയ്യുന്നത് സ്ത്രീകളാണ്. അവർക്ക് ലഭിക്കുന്ന കൂലി പത്തിൽ ഒന്നുമാത്രം. അവരുടെ സ്വത്താകട്ടെ 100ൽ ഒന്നു മാത്രം.'

1995ൽ ബീജിംഗിൽ നടന്ന കോൺഫറൻസ് തുല്യത എന്ന ആശയം മുന്നോട്ടുവച്ചു. ഇതിന് പുറമെ 1980ൽ നടന്ന Convention on elimination

of all forms of discrimination on women (CEDAW) അംഗീകരിച്ച പ്രമേയത്തിൽ ഇന്ത്യയുൾപ്പെടെ 64 രാജ്യങ്ങൾ ഒപ്പുവച്ചു. സ്ത്രീയുടെ തുല്യതയ്ക്കു വേണ്ടിയുള്ള പോരാട്ടങ്ങളെയും പ്രസ്ഥാനങ്ങളെയും യു.എൻ. അന്താരാഷ്ട്ര കോൺഫറൻസുകൾ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്.

ആഗോളതലത്തിൽ ഇടതുപക്ഷക്കാരും അല്ലാത്തവരുമായ ഫെമിനിസ്റ്റുകൾ ഉയർത്തിയ ലൈംഗികതയുടെയും പുരുഷാധിപത്യ ചൂഷണത്തിന്റെയും പ്രശ്നങ്ങൾ മറ്റു സ്ത്രീപ്രശ്നങ്ങളുമായി ഏകോപിപ്പിക്കാനും അതിനനുസരിച്ച നിലപാടുകൾ രൂപപ്പെടുത്താനും ശ്രമിച്ചു. ഇതിന്റെ ഫലമായി സ്ത്രീപ്രസ്ഥാനങ്ങൾക്ക് വ്യത്യസ്തമായ രണ്ടു തലങ്ങൾ ഉണ്ടായി. സാംസ്കാരികതലത്തിലും സാമൂഹികതലത്തിലും നിലനിൽക്കുന്ന പുരുഷാധിപത്യത്തിനെതിരെ സ്ത്രീയുടെ സ്വത്വത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ അധിഷ്ഠിതമായി പോരാടുന്ന ഒരു തലവും അതേസമയം തന്നെ സാമ്പത്തിക അസമത്വങ്ങൾ സൃഷ്ടിക്കുന്ന ആഗോള സാമ്രാജ്യത്വത്തിനെതിരെ പോരാടുന്ന മറ്റൊരു തലവും. ലാറ്റിനമേരിക്കയിൽ ചിലി, പെറു, അർജന്റീന, ബ്രസീൽ, കരീബിയൻ ദ്വീപുകൾ എന്നിവിടങ്ങളിൽ ശക്തമായ സ്ത്രീപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. ആഫ്രിക്കയിൽ വർണവിവേചനത്തിനെതിരെയും പശ്ചിമേഷ്യൻ രാജ്യങ്ങളിൽ മതമൗലികവാദത്തിനെതിരെയും ഈ പ്രസ്ഥാനങ്ങൾ ശക്തമായ സമരം കാഴ്ചവച്ചു. വികസിതരാജ്യങ്ങളിലെ പ്രസ്ഥാനങ്ങൾ 'വ്യക്തിഗതമായതെന്തും രാഷ്ട്രീയമാണ് (Personal is political)' എന്ന വാദം ഉയർത്തി. ഇതിന്റെ ഫലമായി വിവാഹം, വിവാഹമോചനം, ലൈംഗികപീഡനം, ട്രാൻസ് ജൻഡർ വ്യക്തികളുടെ പ്രശ്നങ്ങൾ മുതലായവയെല്ലാം ചർച്ചയായി. ഒരർത്ഥത്തിൽ ആഗോള ഫെമിനിസം എന്നത് ശിഥിലീകരിക്കപ്പെട്ടു. ഈ ശിഥിലീകരണം ഇന്ത്യയടക്കമുള്ള മൂന്നാംലോക രാജ്യങ്ങളിലും സംഭവിച്ചു.

## ഇന്ത്യയിൽ

പത്തൊമ്പതാംനൂറ്റാണ്ട് മുതലാണ് സ്ത്രീപ്രശ്നം ഒരു വിഷയമെന്ന നിലയിൽ ഇന്ത്യയിൽ ആരംഭിച്ചതെന്ന് വീണാമജുംദാർ (1986) അഭിപ്രായപ്പെടുന്നു. വിധവാ പുനർവിവാഹവിലക്ക്, ശൈശവവിവാഹം, സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ നിലനിന്ന വിവേചനം, പർദാസമ്പ്രദായം, സ്ത്രീധനം തുടങ്ങിയ സാമൂഹിക അനാചാരങ്ങൾ അതിന്റെ ഫലമായി രൂപപ്പെട്ട അസമത്വങ്ങൾ എന്നിവയൊക്കെ സാമൂഹികപരിഷ്കർത്താക്കൾ ചോദ്യംചെയ്തതു വഴിയാണ് അത് ചർച്ചാവിഷയമായത്. സ്ത്രീപ്രസ്ഥാനങ്ങൾക്കും മറ്റും ഇന്ത്യയിൽ തുടക്കംകുറിച്ചത് ഗാന്ധിജി, ടാഗോർ, നെഹ്റു, സി ആർ ദാസ്, സുഭാഷ് ചന്ദ്രബോസ്, രാജഗോപാലാചാരി, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങിയവരായിരുന്നു. സതി നിരോധിയ്ക്കുന്നതിനായി രാജാറാം മോഹൻ റായ് നടത്തിയ ഇടപെടലുകൾ പ്രസിദ്ധമാണല്ലോ. 1848ൽതന്നെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി പ്രവർത്തിച്ച സാവിത്രി

ഭായ് ഫൂലേയെപ്പോലുള്ളവർ ഇക്കാര്യത്തിൽ ആദ്യ പഥികരാണ്. രാജാറാം മോഹൻ റായ് രൂപീകരിച്ച ആത്മീയ സഭ, സ്വാമി ബ്രഹ്മാനന്ദസരസ്വതി നേതൃത്വം കൊടുത്ത ആര്യസമാജം, ഈശ്വരചന്ദ്ര വിദ്യാസാഗർ നേതൃത്വം കൊടുത്ത ബ്രഹ്മസമാജം മുതലായവ സ്ത്രീവിദ്യാഭ്യാസം, തൊഴിൽപരിശീലനം മുതലായവയ്ക്ക് വേണ്ടി പ്രവർത്തിച്ചു. 1937ലാണ് 'ആൾ ഇന്ത്യാ വിമൻസ് കോൺഫറൻസ്' എന്ന ദേശീയതലത്തിലുള്ള വനിതാപ്രസ്ഥാനം രൂപംകൊണ്ടത്. ചിമൻ ഭായ് ഗെയ്ക്ക് വാദ്, മാർഗരറ്റ് കസിൻസ്, സരോജിനി നായിഡു, കമലാദേവി ചതോപാധ്യായ, രേണുക റോയ്, രാജകുമാരി അമൃതകൗർ, രാമേശ്വരി നെഹ്റു, ബീഗം ഹമീദ് അലി, ഡോ. മുത്തുലക്ഷ്മി റെഡ്ഡി തുടങ്ങിയ പ്രമുഖ വനിതകൾ ഇതിന്റെ സജീവ പ്രവർത്തകരും നേതാക്കളും ആയിരുന്നു. ഇവരും മറ്റ് സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളും പിൽക്കാലത്ത് സ്വാതന്ത്ര്യസമരവുമായി കണ്ണിചേർക്കപ്പെട്ടു. സ്വതന്ത്രഇന്ത്യയിൽ ചിപ്കോ ആന്ദോളൻ, മേധാപട്കറുടെ നർമ്മദാ ബചാവോ ആന്ദോളൻ മുതലായ പ്രസ്ഥാനങ്ങൾ പരിസ്ഥിതിക്കുവേണ്ടിയും തുല്യതക്കുവേണ്ടിയും പോരാടി. 1972ൽ ഗുജറാത്തിൽ ഇളാ ഭട്ടിന്റെ നേതൃത്വത്തിൽ തുടങ്ങിയ സേവ എന്ന പ്രസ്ഥാനം സ്വയംതൊഴിലെടുക്കുന്ന സ്ത്രീകളുടെ ആശാകേന്ദ്രമായി ഇന്ത്യയൊട്ടാകെ പ്രവർത്തിച്ചു.

**കേരളം**

മേൽവസ്ത്രം ധരിക്കാനുള്ള അവകാശത്തിനു വേണ്ടി തുടങ്ങിയ ചാന്നാർ സമരം, കല്ലുമാല ഉപേക്ഷിക്കാൻ വേണ്ടി നടന്ന ദളിത് സ്ത്രീകളുടെ സമരം, ബഹുഭാര്യാത്വത്തിനെതിരെ നടന്ന നമ്പൂതിരിസ്ത്രീകളുടെ സമരം മുതലായവയാണ് കേരളത്തിലെ ആദ്യകാലസ്ത്രീ മുന്നേറ്റങ്ങൾ. സ്വതന്ത്ര സ്ത്രീവിമോചന സംഘടനകളായ മാനുഷി, ബോധന, അന്വേഷി മുതലായവയും അവയുടെ കൂട്ടായ്മയായ സ്ത്രീവേദിയും കേരളത്തിലെ സ്ത്രീവിമോചന ചിന്തകൾക്ക് വലിയ ആവേശം പകർന്ന പ്രസ്ഥാനങ്ങളാണ്. 1986ൽ സേവയും ഇവിടെ പ്രവർത്തനം ആരംഭിച്ചു. 1980കളിൽ രൂപംകൊണ്ട ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ ശക്തമായ പ്രവർത്തനം 1990ൽ കോഴിക്കോട്ട് നടന്ന നാലാം ദേശീയസമ്മേളനത്തോടെ അപ്രതീക്ഷിതമായി നിലച്ചുപോകുന്നതാണ് നാം കണ്ടത്.

കേരളത്തിലെ എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും വനിതാവിഭാഗങ്ങളുണ്ട്. അവർ സ്ത്രീപ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നുമുണ്ട്. വനിതാ കമ്മീഷനും വനിതാ വികസനകോർപ്പറേഷനും വളരെ മുൻപ് തന്നെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ വനിതകൾക്കായി പ്രത്യേക വകുപ്പും രൂപീകരിക്കപ്പെട്ടു. സർവീസ് സംഘടനകൾക്കും ബഹുജനപ്രസ്ഥാനങ്ങൾക്കും വനിതാ വിഭാഗങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ നടന്ന ആദിവാസി ഭൂസമരം, മേരിറോയിയുടെ ക്രിസ്ത്യൻ സ്ത്രീയുടെ സ്വത്തവകാശസമരം, വി.പി.സുഹ്റയുടെ നിസ എന്ന സംഘടന നടത്തു

ന്ന സമരങ്ങൾ എന്നിവ പ്രത്യേക പരിഗണന അർഹിക്കുന്നു.

## ശാസ്ത്രസാഹിത്യ പരിഷത്തും സമത എന്ന സ്ത്രീപ്രസ്ഥാനവും

കേരളത്തിലെ ജനകീയശാസ്ത്രപ്രസ്ഥാനമായ ശാസ്ത്രസാഹിത്യ പരിഷത്ത് 1980ലാണ് വനിതാവേദികൾ രൂപീകരിച്ച് സ്ത്രീകളുടെ ഇടയിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചത്. 1987ൽ തൃശൂർ ജില്ലയിലെ വലപ്പാട് എന്ന ഗ്രാമത്തിൽവച്ചു നടന്ന ശിബിരത്തിലാണ് വനിതാരംഗത്തെ പ്രവർത്തനത്തിന്റെ ദിശ തീരുമാനിക്കാൻ പരിഷത്തിന് കഴിഞ്ഞത്. തുടർന്നു നടന്ന ആറു ശില്പശാലകളിലൂടെ സ്ത്രീപ്രശ്നങ്ങളുടെ ആഴത്തിലും പരപ്പിലുമുള്ള അറിവ് നേടിയെടുക്കാൻ കഴിഞ്ഞു. ഈ അറിവുകൾ പുസ്തകങ്ങളിലൂടെയും ലഘുലേഖകളിലൂടെയും വനിതാകലാജാഥകളിലൂടെയും അസംഖ്യം ക്ലാസുകളിലൂടെയും കേരളത്തിന്റെ  മുക്കിലും മൂലയിലും ചർച്ചാവിഷയമാക്കാൻ പരിഷത്തിന് കഴിഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, നിയമങ്ങൾ, മാധ്യമങ്ങൾ തുടങ്ങി എല്ലാ രംഗത്തും സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾ അക്കമിട്ട് അവതരിപ്പിക്കാൻ മേല്പറഞ്ഞ എല്ലാ മാധ്യമങ്ങളും പരിഷത്ത് ഉപയോഗിച്ചു.  കുടുംബത്തിനുള്ളിലെ സ്ത്രീകളുടെ കാണാപ്പണി സമൂഹത്തിൽ ചർച്ചാവിഷയമായി. പഞ്ചായത്ത്, നഗരപാലിക ബില്ലുകളിലൂടെ സ്ത്രീകൾക്ക് കൈവന്ന ദൃശ്യത സ്ത്രീസമൂഹത്തിന്റെ ഉന്നമനത്തിന് ഉതകുംവിധം വനിതാ ജനപ്രതിനിധികളെ പരിശീലനങ്ങളിലൂടെ സജ്ജമാക്കാൻ പരിഷത്ത് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. സാക്ഷരതാപ്രവർത്തനം കേരളത്തിലും ഇന്ത്യയിലും വനിതകളുടെ നേതൃത്വത്തിലാണ് നടന്നത്. അതിന്റെ ഒരു ഉപോല്പന്നമായി സമത എന്ന സ്ത്രീപ്രസ്ഥാനത്തിന് രൂപംനൽകാൻ കഴിഞ്ഞു.

## ലിംഗപദവിയും വികസനവും വ്യത്യസ്ത സമീപനങ്ങൾ

1970കൾ മുതൽ തന്നെ സ്ത്രീകൾക്ക് സമൂഹത്തിലുള്ള പിന്നോക്കാവസ്ഥയും രണ്ടാംകിട പദവിയും പൊതുശ്രദ്ധയിലേയ്ക്ക് വന്ന് തുടങ്ങിയിരുന്നു. എങ്കിലും സ്ത്രീകളെ വികസനപ്രക്രിയയിലേക്ക് ഉൾപ്പെടുത്തുക എന്നത് അവർക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതിൽ ഒതുങ്ങി. സ്ത്രീകൾ വികസനത്തിൽ (Women in Development–WID) എന്ന് വിവക്ഷിക്കപ്പെട്ട ഈ വികസനസമീപനം അനുസരിച്ച് വികസനപദ്ധതികളിൽ സ്ത്രീകളുടെ പങ്കാളിത്തം കേവലം ഗുണഭോക്താക്കൾ എന്ന നിലയിൽ മാത്രമാണ് പരിഗണിക്കപ്പെട്ടത്. സ്ത്രീകൾക്ക് വരുമാനം ലഭിയ്ക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുകവഴി അവരെ സാമ്പത്തികവികസനപ്രക്രിയയിലേക്ക് ഉൾചേർക്കാൻ WID ലക്ഷ്യമിട്ടു. ഇത്തരം പദ്ധതികളിൽ തങ്ങളുടെ നിത്യജീവിതപ്രശ്നങ്ങളിൽ നിന്നും സ്ത്രീകൾ രൂപപ്പെടുത്തുന്ന പ്രായോഗികാവശ്യങ്ങൾ (Practical Gender Needs)മാത്രമാണ് ഉൾപ്പെട്ടിരുന്നത്. ഒപ്പം സ്ത്രീകൾക്ക്മാത്രമായുള്ള പദ്ധതികൾക്കും സ്ത്രീകൂട്ടായ്മകൾക്കും പ്രാമുഖ്യം നൽകാനും തുടങ്ങി. ഇതുവഴി സ്ത്രീപദവി ഉയർത്താനുതകുന്ന തന്ത്രപരമായ ആവശ്യങ്ങളും (Strategic Gender Needs), താത്പര്യങ്ങളുമാണ്

അവഗണിക്കപ്പെട്ടത്. ഒപ്പം ഇത്തരം പദ്ധതികളുടെ പൊതുന്യൂനതയായി കണക്കാക്കുന്നത് അവ സ്ത്രീയുടെ ശക്തീകരണത്തിലോ ശക്തീകരണമില്ലായ്മയിലോ പുരുഷനുള്ള പങ്ക് ഒട്ടും പരിഗണിച്ചില്ല എന്നതാണ്. WID സമീപനത്തിന്റെ വിമർശകരായ ഫെമിനിസ്റ്റുകളാണ് 1975ൽ മെക്സിക്കോസിറ്റിയിൽ നടന്ന ലോക വനിതാസമ്മേളനത്തിൽ സ്ത്രീകളും വികസനവും (Women and Development– WAD) എന്ന കാഴ്ചപ്പാട് മുന്നോട്ടു വച്ചത്. WID സമീപനത്തിൽ ഉദ്ദേശിക്കപ്പെട്ടതുപോലുള്ള ഉൾച്ചേർക്കൽ നടക്കുന്നില്ല എന്നതുകൊണ്ട് തന്നെ വികസനപ്രക്രിയയും സ്ത്രീകളും തമ്മിലുള്ള ബന്ധത്തെ പുനർനിർവചിക്കേണ്ടതുണ്ട് എന്ന് അവർ വാദിച്ചു. ലിംഗപദവി തുല്യത എന്ന ആശയമാണ് വികസനസമീപനത്തിന് അടിസ്ഥാനമാകേണ്ടത് എന്നും അവർ അഭിപ്രായപ്പെട്ടു. എന്നാൽ ഭൂരിപക്ഷവും വെള്ളക്കാരടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെ പ്രതിനിധികളുടെ ഇത്തരം അഭിപ്രായങ്ങളോട് കോളനിവത്കരണത്തിൽ നിന്നും പതുക്കെ പുറത്ത് വന്നുകൊണ്ടിരുന്ന തെക്കൻമേഖലയിലെ (Global South) മൂന്നാം ലോകരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ വിയോജിച്ചു. ലിംഗപദവിതുല്യതയെക്കാൾ ദാരിദ്ര്യനിർമാർജനമാണ് പ്രധാനം എന്നായിരുന്നു അവരുടെ നിലപാട്. മാത്രമല്ല ഈ വികസന പിന്നോക്കാവസ്ഥ സ്ത്രീകളെപ്പോലെ പുരുഷൻമാരെയും ബാധിക്കുന്നുണ്ട് എന്നും അവർ ഓർമിപ്പിച്ചു. അതിനെത്തുടർന്നാണ് DAWN (Development Alternatives with Women for a New Era) രൂപംകൊള്ളുന്നത്. ലിംഗപദവിതുല്യത, പരിസ്ഥിതി, സാമ്പത്തികനീതി എന്നിവയുടെ പരസ്പരബന്ധത്തിലൂന്നിയ സമീപനമാണ് DAWN പിന്തുടർന്നത്. ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക, കരീബിയൻ നാടുകൾ പസഫിക് പ്രദേശങ്ങൾ എന്നിവയൊക്കെ ഈ കൂട്ടായ്മയിൽ ഉൾപ്പെടുന്നു. 1980കളുടെ പകുതിയിൽ സർക്കാർ ചെലവുകൾ കുറച്ചുകൊണ്ടും കമ്പോളത്തിന് കൂടുതൽ വിധേയമായിക്കൊണ്ടുമുള്ള ഘടനാപരമായ മാറ്റങ്ങൾ രൂപംകൊണ്ട് കഴിഞ്ഞിരുന്നു. അതുവഴി ദീർഘകാലാടിസ്ഥാനത്തിൽ എല്ലാ മനുഷ്യർക്കും പുരോഗതിപ്രാപിക്കാൻ കഴിയും എന്നും മറ്റുമുള്ള വികസനസിദ്ധാന്തങ്ങൾ ഉയർന്നുവന്നു. എന്നാൽ സാമ്പത്തികപുരോഗതി കൈവരിച്ച രാജ്യങ്ങളിലും ലിംഗപദവിതുല്യതയിൽ വിടവുകൾ നിലനിൽക്കുന്നുണ്ടെന്ന് കിഴക്കൻ യൂറോപ്പിലെയും കിഴക്കൻ ഏഷ്യയിലെയും അനുഭവങ്ങൾ തെളിയിച്ചു. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള വികസനസമീപനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ബോധ്യമായിരുന്നു. പ്രാദേശികതല പ്രവർത്തനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാം ലോകരാജ്യങ്ങളിലെ ഫെമിനിസ്റ്റുകളും DAWN പോലുള്ള കൂട്ടായ്മകളും മുന്നോട്ടുവച്ച കാഴ്ചപ്പാടിൽനിന്നാണ് ലിംഗപദവിതുല്യതയിലൂന്നിയ വികസനം എന്ന സമീപനം രൂപപ്പെട്ടുവന്നത്. പ്രസ്തുത മാതൃക 1980കൾ മുതൽ തന്നെ വികസിച്ചുവന്നിരുന്നെങ്കിലും 1985ൽ നെയ്റോബിയിൽ നടന്ന അന്താരാഷ്ട്ര എൻ.ജി.ഒ ഫോറത്തിലാണ് DAWN ഇത് പരസ്യമായി ഉന്നയിച്ചത്. ലിംഗപദവി

തുല്യത എന്നത് എല്ലാ പ്രവർത്തനങ്ങളിലും തുല്യ എണ്ണം സ്ത്രീകളും പുരുഷന്മാരും/ പെൺകുട്ടികളും ആൺകുട്ടികളും പങ്കെടുക്കുക എന്നതോ അവരെ ഒരുപോലെ പരിഗണിക്കുക എന്നതോ അല്ല. മറിച്ച് അവസരങ്ങളിലെ തുല്യതയും ഒപ്പം സമൂഹത്തിൽ എല്ലാ മനുഷ്യർക്കും സമ്പൂർണമായ ജീവിതം നയിക്കാനുള്ള തുല്യമായ സാധ്യതയുമാണ്. ഈ വികസന സമീപനം (Gender and Development Approach –GAD), ശക്തീകരണ സമീപനം (Empowerment Approach), ലിംഗഭേദ ജാഗ്രതാ ആസൂത്രണം (Gender aware planning) എന്നൊക്കെ വിവക്ഷിക്കപ്പെടുന്നുണ്ട്. ലിംഗപദവിതുല്യതയുടെ അഭാവം മനുഷ്യശേഷി വലിയതോതിൽ നഷ്ടമാവുന്നതിനും എല്ലാ മനുഷ്യരുടെയും ഒപ്പം വികസനത്തിന്റെ തന്നെയും പിന്നോക്കാവസ്ഥയ്ക്കും കാരണമാവും. ഈ തിരിച്ചറിവിന്റെ ഫലമായി ജൻഡർ ഇന്ന് വികസന പ്രക്രിയയുടെ അവിഭാജ്യഭാഗമായി മാറിയിട്ടുണ്ട്. ലിംഗഭേദങ്ങൾ, ജാതി, മതം, വംശം തുടങ്ങിയ വേർതിരിവുകളില്ലാതെ പ്രശ്നങ്ങളെ സമഗ്രതയിൽ കാണുന്ന ഇന്റർസെക്ഷണാലിറ്റി (Intersectionality) എന്ന വികസനസമീപനം 1990കൾ മുതലാണ് ആരംഭിക്കുന്നത്. വളരെ നേരത്തെ തന്നെ ഇത്തരം ചർച്ചകൾ ഫെമിനിസ്റ്റ് സൈദ്ധാന്തികർ ഉയർത്തിയിരുന്നെങ്കിലും ബ്ലാക്ക് ഫെമിനിസ്റ്റ് സൈദ്ധാന്തിക കിമ്പർലെ വില്യംസ്ക്രെൻഷോ (Kimberley Williams crenshaw) ആണ് ഈ പദം രൂപപ്പെടുത്തിയത്. സമൂഹത്തിൽ വ്യവസ്ഥാപിതമായും ഘടനാപരമായും നിലനിർത്തിപ്പോരുന്ന അധികാരബന്ധങ്ങളിൽ നിലനിൽക്കുന്ന അസമത്വങ്ങൾ ഇല്ലാതാക്കാൻ ഈ സമീപനത്തിന് വലിയ പങ്കുവഹിക്കാൻ കഴിയും. 2030ഓടുകൂടി നേടിയെടുക്കാൻ ലക്ഷ്യമിടുന്ന സുസ്ഥിരവികസനലക്ഷ്യങ്ങൾ (Sustainable Development Goals) സാധ്യമാകണമെങ്കിൽ വ്യത്യസ്തവും സങ്കീർണവുമായ സ്വത്വങ്ങളുടെയും അനുഭവങ്ങളുടെയും സമഗ്രമായ ഉൾച്ചേർക്കൽ അനിവാര്യമാണ്.

## സുസ്ഥിരവികസനലക്ഷ്യങ്ങളും (SDG) ലിംഗപദവിസമത്വവും

ലിംഗഭേദബന്ധങ്ങൾ (Gender Relations) വികസനപ്രക്രിയയിലും വികസനനേട്ടങ്ങളിലും ചെലുത്തുന്ന സ്വാധീനവും തിരിച്ച് വികസനപ്രക്രിയ വഴി ഇത്തരം ബന്ധങ്ങളിൽ വരുന്ന മാറ്റങ്ങളുമാണ് ലിംഗപദവിതുല്യതയെ അടിസ്ഥാനമാക്കിയുള്ള വികസനസമീപനത്തിൽ (GAD) ഊന്നുന്നത്. നയരൂപീകരണം തൊട്ട് നടത്തിപ്പ് വരെയുള്ള സ്ഥാപനസംവിധാനങ്ങളെയും ഏജൻസികളെയും ജൻഡർ അവബോധമുള്ളവയാക്കി മാറ്റുക എന്നത് ഈ പ്രക്രിയയിൽ പരമപ്രധാനമാണ്. പാർശ്വവത്കരിക്കപ്പെടുന്ന മനുഷ്യരെ ശക്തീകരിക്കാനും അവർക്ക് വികസനപ്രക്രിയയിൽ മുൻഗണന നൽകാനും സുസ്ഥിരവികസനകാഴ്ചപ്പാട് സഹായകമാകുമെന്ന് UNDP(United Nations Development Programme) വിലയിരുത്തുന്നുണ്ട്. ആവശ്യങ്ങളെയും പരിമിതികളെയും ശാസ്ത്രീയമായി സമീപിക്കാനും പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹിക–രാഷ്ട്രീയ സുസ്ഥിരത ഉറപ്പുവരുത്താ

നം സുസ്ഥിരവികസനസമീപനം വഴിയൊരുക്കും. വരും തലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ  നേടിയെടുക്കാനുള്ള സാധ്യതകൾ നിലനിർത്തിക്കൊണ്ട് തന്നെ സമകാലികസമൂഹത്തിന് തങ്ങളുടെ ആവശ്യങ്ങൾ സാധ്യമാക്കാനുള്ള വികസനസമീപനമാണത്. 2000 സെപ്റ്റംബറിൽ ഐക്യരാഷ്ട്രസംഘടന സമഗ്ര വികസനത്തിനായുള്ള ചട്ടക്കൂട് എന്ന നിലയിൽ സഹസ്രാബ്ദ വികസനലക്ഷ്യങ്ങൾ (Millennium Development Goals) മുന്നോട്ടുവച്ചു. ഇതിലെ എട്ട് ലക്ഷ്യങ്ങളിൽ മൂന്നാമത്തേത് ലിംഗപദവിതുല്യതയും സ്ത്രീശക്തീകരണവും ആയിരുന്നു. ദേശീയവരുമാന കണക്കുകൾക്കപ്പുറം മനുഷ്യകേന്ദ്രിതമായ നയങ്ങളും വികസനപദ്ധതികളുമെന്ന സമീപനമാറ്റത്തിനാണ് UNDPയുടെ മാനവവികസനറിപ്പോർട്ടുകൾ (Human Development Report–HDR) തുടക്കമിട്ടത്. മെഹബൂബ് ഉൾ ഹഖ്, അമർത്യാസെൻ തുടങ്ങിയ സാമ്പത്തികശാസ്ത്രജ്ഞരാണ്  ഇതിന് തുടക്കമിട്ടത്. ഇതിന്റെ ആശയപരമായ ചട്ടക്കൂടായി മാറിയത് മനുഷ്യരുടെ ശേഷികളുമായി (Human Capabilities) ബന്ധപ്പെട്ട് അമർത്യാസെൻ നടത്തിയ പഠനങ്ങളാണ്. പ്രതീക്ഷിത ആയുർദൈർഘ്യം, ശരാശരി അധ്യയനവർഷങ്ങൾ, ജീവിതനിലവാരം എന്നീ കണക്കുകൾ ഉപയോഗിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. 1995ലാണ് മാനവവികസനറിപ്പോർട്ടുകളോടൊപ്പം ലിംഗഭേദം സംബന്ധിച്ച വികസനസൂചിക (Gender Development Index–GDI), ലിംഗഭേദ ശക്തീകരണത്തോത് (Gender Empowerment measure –GEM) എന്നിവയും പ്രസിദ്ധീകരിച്ചു തുടങ്ങിയത്. HDI കണക്കാക്കുന്ന അടിസ്ഥാനശേഷികളിൽ തന്നെ സ്ത്രീകളുടെയും പുരുഷന്മാരുടെയും നേട്ടത്തിലെ അസമത്വമാണ് GDI രേഖപ്പെടുത്തുന്നത്. ഈ ശേഷികൾ ഉപയോഗപ്പെടുത്തി ജീവിതത്തിലെ അവസരങ്ങളിൽ എത്രമാത്രം മുന്നോട്ട് പോകാൻ കഴിഞ്ഞു എന്നതാണ് GEM സൂചിപ്പിക്കുന്നത്. ഇത് സ്ത്രീകളുടെ കർതൃത്വം (Agency) എത്രമാത്രമുണ്ട് എന്നത് അവരുടെ രാഷ്ട്രീയപ്രവർത്തനപങ്കാളിത്തം, തീരുമാനമെടുക്കാനുള്ള ശേഷി, സാമ്പത്തികപങ്കാളിത്തവും വിഭവങ്ങളുടെ മേലുള്ള അധികാരവും എന്നീ വിവരങ്ങളുടെ അടിസ്ഥാനത്തിൽ  കണ്ടെത്തുകയാണ് ചെയ്യുന്നത്. ജൻഡർ അസമത്വസൂചിക (Gender Gap Index) എന്നത് ഓരോ രാജ്യങ്ങളിലും ലഭ്യമായ വിഭവങ്ങളും അവസരങ്ങളും അവിടങ്ങളിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇടയിൽ ഏതളവിൽ പങ്കുവയ്ക്കുന്നു എന്നതാണ് കാണിക്കുന്നത്. പ്രസ്തുത സൂചികപ്രകാരം 2021ൽ ആകെ 190 രാജ്യങ്ങളുടെ കണക്കിൽ ഇന്ത്യയുടെ സ്ഥാനം 122 ആയിരുന്നു. ഇത് 2022ൽ 146 രാജ്യങ്ങളുടെ കണക്കിൽ 135ഉം 2023ൽ 146 രാജ്യങ്ങളുടെ കണക്കിൽ 127ഉം ആണ്. ലോക സാമ്പത്തികഫോറമാണ് ഈ കണക്കുകൾ പ്രസിദ്ധീകരിക്കുന്നത്. ഇപ്പോഴും സാമ്പത്തികമേഖലയിലെ പങ്കാളിത്തത്തിലും അവസരങ്ങളിലും ഇന്ത്യയ്ക്ക് 36.7 ശതമാനം തുല്യത മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ നമ്മുടെ അയൽരാജ്യങ്ങളായ ബംഗ്ലാദേശ്(59), നേപ്പാൾ(116),

ഭൂട്ടാൻ(103), ചൈന(107), ശ്രീലങ്ക(115), പാക്കിസ്ഥാൻ (142) എന്നിവയുടെ സ്ഥാനങ്ങളും ശ്രദ്ധിക്കുക. 90 ശതമാനത്തിലധികം തുല്യത കൈവരിച്ച ഐസ് ലാന്റാണ് തുടർച്ചയായി പതിനാലാമത്തെ വർഷവും ഒന്നാംസ്ഥാനത്തുള്ളത്. വേതനം, വരുമാനം എന്നിവയിൽ ഇന്ത്യ ചെറിയ തോതിൽ വർധനവ് നേടിയെങ്കിലും തൊഴിൽമേഖലയിലെ ഉയർന്ന സ്ഥാനങ്ങളിലും സാങ്കേതികമേഖലയിലും സ്ത്രീകളുടെ അവസ്ഥ കഴിഞ്ഞ വർഷത്തെക്കാൾ പുറകോട്ട് പോവുകയാണുണ്ടായത്. രാഷ്ട്രീയരംഗത്തെ ശക്തീകരണത്തിൽ ഇന്ത്യയ്ക്ക് 25.3 ശതമാനം തുല്യത മാത്രമാണ് നേടാൻ കഴിഞ്ഞതെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇത് പ്രാദേശിക സർക്കാരുകളിലെ പ്രാതിനിധ്യത്തിന്റെ കണക്കിൽ 44.4 ശതമാനമാണ്. UNDP പ്രസിദ്ധീകരിക്കുന്ന ജൻഡർ അസമത്വ സൂചിക (Gender Inequality Index –GII) ലിംഗപദവിപരമായ അസമത്വം കാരണം പ്രത്യുൽപാദന ആരോഗ്യം, തൊഴിൽസേനാപങ്കാളിത്തം, ശക്തീകരണം എന്നിവയിൽ നേടാൻകഴിയാതെ പോകുന്ന കാര്യങ്ങളാണ് കണ്ടെത്തുന്നത്. ഇത് പൂർണ തുല്യതയാണെങ്കിൽ പൂജ്യം പോയിന്റും പൂർണമായ അസമത്വമാണെങ്കിൽ ഒരു പോയിന്റുമായിരിക്കും. ഇന്ത്യയുടെ പോയിന്റ് 0.490 ആണ്. അതായത് നമ്മൾ ഇപ്പോഴും പകുതിയിലും താഴെയാണ് എത്തിനിൽക്കുന്നത്.

നമ്മുടെ ഭൂമിയെ സംരക്ഷിക്കാനും എല്ലാ മനുഷ്യരുടെയും ദാരിദ്ര്യം അവസാനിപ്പിക്കാനും നടപടിയെടുക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർഥിച്ചുകൊണ്ടാണ് 2030 ആവുമ്പോഴേക്കും നേടിയെടുക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015ൽ ഐക്യരാഷ്ട്രസംഘടന അംഗീകരിച്ചത്. ഇതിൽ ഉൾചേർത്ത 17 ലക്ഷ്യങ്ങൾ പരസ്പരബന്ധിതമാണ്. ലക്ഷ്യപ്രാപ്തിയ്ക്കായി ഏത് മേഖലയിൽ നടത്തുന്ന പ്രവർത്തനവും അതുവഴിയുണ്ടാകുന്ന നേട്ടങ്ങളും മറ്റു മേഖലകളെയും സ്വാധീനിക്കും. മാത്രമല്ല, വികസനം എന്നത് സാമൂഹിക–സാമ്പത്തിക–പാരിസ്ഥിതികമേഖലകളുടെ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതായിരിക്കണം എന്നും ഇവ ലക്ഷ്യമിടുന്നു. SDG യിലെ അഞ്ചാമത്തെ ലക്ഷ്യം 2030ഓടെ ലിംഗതുല്യത കൈവരിക്കുക എന്നതാണ്. ലിംഗതുല്യതയുള്ള ഒരു സമൂഹത്തിൽ മാത്രമെ വികസനപ്രക്രിയയുടെ നേട്ടം എല്ലാവരിലേക്കും എത്തുകയുള്ളൂ എന്നതുകൊണ്ട് തന്നെ മറ്റുള്ള 16 ലക്ഷ്യങ്ങളും കൈവരിക്കാനുള്ള മുന്നുപാധി കൂടിയായി ഇത് മാറുന്നു.

## ജൻഡറും പ്രാദേശിക സർക്കാരുകളും

1992ൽ 73, 74 ഭരണഘടനാഭേദഗതിയിലൂടെയാണ് ഇന്ത്യയിൽ പഞ്ചായത്തീരാജ് –നഗരപാലികാനിയമം നിലവിൽ വന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽനിന്ന് അധികാരങ്ങൾ പ്രാദേശിക സർക്കാരുകളിലേക്ക് കൈമാറാനും അതുവഴി അതത് പ്രദേശങ്ങളിൽ വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ അവരെ പ്രാപ്തരാക്കാനും ഈ നിയമം ലക്ഷ്യമിട്ടു. 73–ാമത് ഭേദഗതിവഴി ത്രിതലപഞ്ചായത്ത് സംവിധാനവും 74–ാമത് ഭേദഗതിവഴി നഗരപാലികാസംവിധാനവും (കോർപ്പറേഷൻ, മുനിസിപ്പാ

ലിറ്റി) നിലവിൽ വന്നു. ഈ ഭേദഗതിയിലാണ് മേൽപറഞ്ഞ പ്രാദേശിക ഭരണസ്ഥാപനങ്ങളിൽ മൂന്നിലൊന്ന് സ്ത്രീപ്രാതിനിധ്യവും പട്ടികജാതി–പട്ടികവർഗ വിഭാഗത്തിൽനിന്നുള്ളവർക്ക് ജനസംഖ്യാനുപാതികമായി സംവരണവും ഉറപ്പാക്കിയത്.

ഗ്രാമസഭകൾ ഭരണഘടന പ്രകാരം അനിവാര്യമായും നടക്കേണ്ട സംവിധാനങ്ങളായി മാറി. ഇത് നേരത്തെ മുകളിൽ നിന്ന് താഴോട്ട് വന്നിരുന്ന വികസനപ്രവർത്തനങ്ങളുടെ ദിശ കീഴ്മേൽ മറിച്ചു. ഒപ്പം ഈ പ്രക്രിയയിൽ വേണ്ടത്ര പങ്കാളിത്തമില്ലാതെ പോയ സ്ത്രീകൾക്കും മറ്റ് പാർശ്വവത്കൃത വിഭാഗങ്ങൾക്കും വികസന പ്രക്രിയയ്ക്കകത്തേക്ക് കയറിവരാനും കഴിഞ്ഞു. 1995 മുതൽ കേരളത്തിലും പ്രസ്തുത ഭരണഘടനാഭേദഗതി യിലൂടെ നിലവിൽ വന്ന പ്രാദേശിക സർക്കാർസ്ഥാപനങ്ങളിൽ 33% സ്ത്രീ സംവരണം നടപ്പാക്കപ്പെട്ടു. ഇത് 2010 മുതൽ പങ്കാളിത്തത്തിലും പദവിയിലും 50% എന്ന നിലയിലേക്ക് ഉയർത്തുകയും ചെയ്തു. 1990ലെ സമ്പൂർണ സാക്ഷരതാപ്രസ്ഥാനവും തുടർന്ന് 1995 മുതലുള്ള ജനകീയാസൂത്രണപ്രസ്ഥാനവും അധികാര വികേന്ദ്രീകരണപ്രക്രിയയും കേരളത്തിലെ ജനകീയ ഇടപെടലുകളുടെ കൂടി അനുഭവങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. പ്രളയം, കോവിഡ് പോലുള്ളവയെ ഒത്തൊരുമയോടെ നേരിട്ട പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനത്തിൽ ലിംഗതുല്യതയ്ക്കായുള്ള ഒട്ടേറെ പരിശ്രമങ്ങൾ ഇക്കാലയളവിൽ നടന്നിട്ടുണ്ട്. ലോകത്തിന് തന്നെ മാതൃകയായ കേരളത്തിന്റെ കുടുംബശ്രീപ്രസ്ഥാനത്തിന്റെ കൂടി ഇടപെടലുകളുടെ ഭാഗമായി പൊതു ഇടത്തിലെ സ്ത്രീകളുടെ സാന്നിധ്യവും പങ്കാളിത്തവും വലിയതോതിൽ വർധിക്കുകയും ചെയ്തു. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ തുടക്കംമുതൽ തന്നെ വനിതാഘടകപദ്ധതി വഴി പദ്ധതിവിഹിതത്തിന്റെ 10 ശതമാനം ഫണ്ട് സ്ത്രീപദവി ഉയർത്താനുള്ള പ്രവർത്തനങ്ങൾക്ക് നീക്കിവച്ചു. പൊതു പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകി. എങ്കിലും പ്രായോഗികാവശ്യങ്ങൾക്കപ്പുറം (Practical Gender Needs) തന്ത്രപരമായ ആവശ്യങ്ങളിലേക്ക് (Strategic Gender Needs) മുന്നേറാൻ കാൽനൂറ്റാണ്ടിന് ശേഷവും നമുക്ക് കഴിഞ്ഞിട്ടില്ല.

മാത്രമല്ല ഇന്റർ സെക്ഷണാലിറ്റി സമീപനത്തിലൂടെ എല്ലാ മനുഷ്യരെയും അവരുടെ ലിംഗ, ജാതി, വംശ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്ന അസന്തുലിതാവസ്ഥകൂടി ഉൾക്കൊണ്ട്കൊണ്ടുള്ള പുതിയ വികസന സമീപനത്തിലേക്കും പ്രാദേശികസർക്കാരുകൾ വളരേണ്ടതുണ്ട്.

ലിംഗപദവിതുല്യത ഉറപ്പ് വരുത്താൻ തൊഴിൽ, ആർജിതവരുമാനം, സ്വത്തുടമസ്ഥത, അതിക്രമങ്ങളിൽനിന്നുള്ള മോചനം, ജൻഡർ സൗഹൃദപരമായ പൊതു ഇടങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്.

### വനിതാസംവരണബിൽ

തുല്യതയ്ക്കായുള്ള പോരാട്ടങ്ങളിൽ എപ്പോഴും പ്രാധാന്യമർഹിക്കുന്ന ഒരു

ആശയമാണ് അധികാരത്തിൽ തുല്യ പ്രാതിനിധ്യമെന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ വോട്ടവകാശത്തിനു വേണ്ടിയുള്ള സമരങ്ങൾ സ്ത്രീവിമോചനപ്പോരാട്ട ചരിത്രത്തിലെ സുപ്രധാനമായ ഏടാണ്. ജൻഡർ വൈവിധ്യങ്ങൾ കൂടി ഇത്തരം പോരാട്ടങ്ങളിൽ ഉൾചേർക്കേണ്ടതുമുണ്ട്. ഇപ്പോൾ ഇന്ത്യൻ യൂണിയൻ ഗവണ്മെന്റ് ലോക്സഭയിൽ പാസ്സാക്കിയ വനിതാസംവരണബിൽ യഥാർത്ഥത്തിൽ ചരിത്രപരമായ ഒരു നേട്ടമായി വിലയിരുത്തപ്പെടേണ്ടതാണ്. എന്നാൽ വിവിധ സാമൂഹിക വിഭാഗങ്ങളെ പ്രത്യേകം പരിഗണിക്കുന്നില്ല എന്ന കാര്യവും അടുത്ത 5 വർഷത്തേക്ക് നിയമം ഫ്രീസറിലായിരിക്കുമെന്ന നിലപാടും ഈ തീരുമാനത്തിൽ സർക്കാരിന്റെ ഇരട്ടത്താപ്പ് വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ തുല്യതയ്ക്കു വേണ്ടി നിലകൊള്ളുന്ന എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും ഏറ്റവും പുരോഗമനപരമായ ഒരു തീരുമാനം എടുക്കാവുന്നതാണ്. അവരവരുടെ തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥിപ്പട്ടികയിൽ 33 ശതമാനം സ്ത്രീകളെ ഉൾപ്പെടുത്തി വിപ്ലവകരമായ മാതൃക സൃഷ്ടിക്കാം. ഭരണഘടനാതത്വങ്ങളെ അട്ടിമറിക്കുന്നതിനെ പ്രതിരോധിക്കുന്ന ഒരു പ്രായോഗികമാതൃക കൂടിയാവുമത്.

## ജൻഡർ വിവേചന രൂപങ്ങൾ ഇന്ത്യയിൽ

മത–ജാതി–ഉപജാതികളായി വിഭജിക്കപ്പെട്ട ജനസമൂഹമാണ് ജനാധിപത്യത്തിന്റെ ഈ മുക്കാൽ നൂറ്റാണ്ടിനു ശേഷവും ഇന്ത്യയിലുള്ളത്. ഫ്യൂഡൽ ചിന്താഗതിയിൽ ഊന്നിയ കുടുംബവ്യവസ്ഥയാണ് എല്ലാ മതങ്ങളും പിന്തുടരുന്നത്. കുടുംബത്തിന്റെ നായകനായ പുരുഷൻ തന്നെ കുടുംബസ്വത്തിന്റെ ഉടമസ്ഥനും കൈകാര്യകർത്താവും ആകുന്നതിൽ അതിനാൽ അത്ഭുതമില്ല. സ്വത്തവകാശത്തിന്റെ കാര്യത്തിലും പിന്തുടർച്ചാവകാശത്തിന്റെ കാര്യത്തിലും വിവിധ മതക്കാർക്കിടയിൽ വ്യത്യസ്ത നിയമങ്ങളാണ് പിന്തുടരുന്നത്. ഇന്ത്യയിൽ 2015–16ൽ 35 ശതമാനം സ്ത്രീകൾക്കാണ് വീട്, ഭൂമി എന്നിവ സ്വന്തം പേരിൽ ഉണ്ടായിരുന്നത്. ഇത് 2020–21ൽ 22.7 ശതമാനമായി കുറഞ്ഞു. കേരളത്തിൽ 2015–16ൽ ഇത് 23 ശതമാനം ആയിരുന്നു. കേരളത്തിൽ ഭൂപരിഷ്കരണം നടപ്പാക്കിയിട്ടുള്ളതിനാൽ ഭൂരിഭാഗം കുടുംബങ്ങളും സ്വന്തമായി ഭൂമിയുള്ളവരാണ്. ഇതിലും ഉടമസ്ഥത സ്വന്തമായുള്ള സ്ത്രീകളുടെ എണ്ണം തീരെ കുറവാണ്. ഇന്ത്യൻ ഭരണഘടന എല്ലാ പൗരർക്കും തുല്യ അവകാശം ഉറപ്പുനൽകുന്നുണ്ടെങ്കിലും സ്വാതന്ത്ര്യം നേടി 75 കൊല്ലം കഴിഞ്ഞിട്ടും നമ്മുടെ നാട്ടിൽ സ്ത്രീകളും മറ്റു ലിംഗ – ലൈംഗിക വിഭാഗങ്ങളും എല്ലാ മേഖലകളിലും വിവേചനം നേരിടുകയാണ്. തൊഴിൽ പങ്കാളിത്തം, സ്വത്തുടമസ്ഥത തുടങ്ങി ഏതൊരു വ്യക്തിക്കും ആത്മവിശ്വാസവും സ്വയം നിർണയാവകാശവും നൽകുന്ന കാര്യങ്ങളിൽ ഇവർ വളരെ പിന്നിലാണ്.

## തൊഴിൽ പങ്കാളിത്തനിരക്ക്

സെൻസസ് കണക്കുകളനുസരിച്ച് എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും സ്ത്രീയുടെ തൊഴിൽപങ്കാളിത്തം പുരുഷന്മാരുടേതിനെ അപേക്ഷിച്ച് വളരെ പിന്നിലാണ്. സ്ത്രീവിദ്യാഭ്യാസത്തിലും സ്ത്രീയുടെ സാമൂഹികപദവിയിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളത്തിൽപോലും തൊഴിൽപങ്കാളിത്തനിരക്ക് പരിതാപകരമാണ്.

സെൻസസ്, നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ എന്നിവയുടെ പഠനങ്ങൾ പ്രകാരം 2017–18ൽ 16.4% ആയിരുന്നത് 2018–19ൽ 20.4% ആയി ഉയർന്നു. പക്ഷേ കോവിഡിനെത്തുടർന്ന് തൊഴിൽ ലഭ്യത കുറഞ്ഞതിന്റെ ഫലമായി സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് 2020–21ൽ 16.1%ത്തിലേക്ക് താഴ്ന്നിരിക്കുന്നു. അതേസമയം ജോലി അന്വേഷിക്കുന്നവരിൽ 63.6 ശതമാനം സ്ത്രീകളാണ് എന്നും കാണാൻ കഴിയും.

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് ജനസംഖ്യാനുപാതികമായിട്ടോ വിദ്യാഭ്യാസനിലവാരത്തിന് ആനുപാതികമായിട്ടോ ഉയരാത്തതിന്റെ കാരണങ്ങൾ എന്താണ് എന്ന അന്വേഷണത്തിന് പരിഷത്ത് നടത്തിയ 'കേരളസ്ത്രീ എങ്ങനെ ജീവിക്കുന്നു എങ്ങനെ ചിന്തിക്കുന്നു' എന്ന സ്ത്രീ പഠനം നൽകുന്ന സൂചന തൊഴിലന്വേഷിക്കുന്ന സ്ത്രീകൾക്ക് കുടുംബത്തിനകത്ത് നിർവഹിക്കേണ്ട ചുമതലകൾക്ക് തടസ്സംസൃഷ്ടിക്കാത്ത തൊഴിലുകൾ മാത്രമേ സ്വീകരിക്കാൻ കഴിയുന്നുള്ളു എന്നതാണ്. കുടുംബത്തിലെ പ്രതികൂലാവസ്ഥ അവരുടെ തീരുമാനമായി മാറുകയാണ്. വിവാഹം, ഗർഭധാരണം, കുടുംബാംഗങ്ങളിലാരുടെയെങ്കിലും രോഗം എന്നിവ നിലവിലുണ്ടായിരുന്ന തൊഴിൽ ഉപേക്ഷിക്കുന്നതിനും കാരണമാവുന്നുണ്ട്.

തൊഴിലില്ലായ്മ പൊതുവെ രൂക്ഷമായിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം; പ്രത്യേകിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. 15 വയസ്സിനും 29 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ 23.3%വും സ്ത്രീകളുടേത് 55.4%വുമാണ്.

## കൂലിയിലും സേവനവ്യവസ്ഥയിലും നിലനിൽക്കുന്ന വിവേചനങ്ങൾ

1976ൽ തുല്യജോലിക്ക് തുല്യവേതനം എന്ന നിയമം പാസ്സാക്കിയ രാജ്യമാണ് ഇന്ത്യ. പക്ഷേ സ്ത്രീകൾക്ക് തുല്യവേതനം സർക്കാർ/പൊതു മേഖലാസ്ഥാപനങ്ങളിൽ മാത്രമാണ് ലഭ്യമാകുന്നത്. അസംഘടിതമേഖലയിൽ ഇന്നും സ്ത്രീതൊഴിലാളികൾക്ക് തുല്യവേതനം ലഭിക്കുന്നില്ല. തൊഴിൽസേനയുടെ 90%വും തൊഴിലെടുക്കുന്ന അസംഘടിതമേഖലയിൽ ഗ്രാമങ്ങളിൽ 63.5 ശതമാനവും നഗരങ്ങളിൽ 36.5 ശതമാനവും സ്ത്രീകളാണ് (NSSO 68th round). സർക്കാർ സർവീസിൽ തന്നെ ഏറ്റവും വേതനം കുറഞ്ഞ ജോലികളെല്ലാം ചെയ്യുന്നത് സ്ത്രീകളാണ്. അങ്കണവാടിവർക്കർ, ഹെൽപ്പർ, ആശാവർക്കർ, പാലിയേറ്റീവ് കെയർ നഴ്സ് മുതലായ തസ്തികകൾ ഇക്കാര്യം വ്യക്തമാക്കുന്നു.

## തൊഴിലിടങ്ങളിലെ അതിക്രമങ്ങൾ, ലൈംഗികപീഡനങ്ങൾ

1997ൽ സുപ്രീം കോടതിയുടെ സുപ്രധാന വിധിയിലൂടെയാണ് ഇന്ത്യയിൽ തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയാനുള്ള നിയമം ഉണ്ടായത്. 2013ൽ പാർലമെന്റ് തത്തുല്യമായ നിയമം പാസ്സാക്കുന്നതുവരെ ഈ കോടതിവിധി നിയമത്തിനു തുല്യമായി സ്ത്രീകൾക്ക് പരിരക്ഷ നൽകിയിരുന്നു എന്ന് കാണാം. എങ്കിലും തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ ഇന്നും നിലനിൽക്കുന്നു. സ്ത്രീകളും ട്രാൻസ് ജൻഡർ വിഭാഗത്തിൽ പെട്ടവരും ഈ പീഡനങ്ങൾക്ക് ഇരകളാണ്.

10 പേരിൽ കൂടുതൽ ജോലിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും ലൈംഗികപീഡന പരാതി സ്വീകരിക്കാൻ ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരിക്കണം എന്ന് നിയമം അനുശാസിക്കുന്നു. പക്ഷേ സർക്കാർ ആഫീസുകളിൽപോലും കമ്മിറ്റികൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല. സ്വകാര്യമേഖലയിലെ കാര്യം പറയാനുമില്ല. പരാതി നൽകുന്ന സ്ത്രീയുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യവും അവർ തൊഴിലിടത്തിലും സമൂഹത്തിലും ഒറ്റപ്പെടുന്ന സാഹചര്യവും ഇന്നും നിലനിൽക്കുന്നു. കുടുംബത്തിന്റെ പിന്തുണയില്ലെങ്കിൽ പരാതി നൽകാൻ പോലും സ്ത്രീകൾക്ക് കഴിയാറില്ല. ഇതിനെയൊക്കെ അതിജീവിച്ച് പരാതി നൽകിയാൽ പലപ്പോഴും കുറ്റവാളി ശിക്ഷിക്കപ്പെടുന്നില്ല എന്നതും സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം കുറയ്ക്കുന്നതിലെ ഒരു പ്രധാന ഘടകമാണ്.

## വീട്ടിനുള്ളിലെ കാണാപ്പണിയും ഇരട്ട അധ്വാനവും

കുടുംബത്തിന് പുറത്ത് വേതനമുള്ള ഒരു തൊഴിൽ സ്വീകരിക്കുന്ന സ്ത്രീ ഇരട്ട അധ്വാനം ചെയ്യേണ്ടിവരുന്നു. വളരെ കുറഞ്ഞ വേതനം ലഭിക്കുന്ന വീട്ടുജോലി, അലക്ക് തുടങ്ങിയവയിലാണ് സ്ത്രീകൾ കൂടുതലായി ഏർപ്പെടുന്നത്. വരുമാനംകുറഞ്ഞ തൊഴിലുകളിലെ സ്ത്രീകേന്ദ്രീകരണത്തോടൊപ്പം വരുമാനത്തിൽ കടുത്ത അന്തരവും നിലനിൽക്കുന്നുണ്ട് (കേരളപഠനം 2004). സാമൂഹിക- സാമ്പത്തിക വ്യത്യാസങ്ങൾക്കപ്പുറം എല്ലാ സ്ത്രീകളും ദിവസത്തിൽ ഏഴ് മണിക്കൂർ ഗാർഹിക അധ്വാനത്തിൽ ഏർപ്പെടുന്നു. സ്ത്രീകളുടെ ആർജിതവരുമാനം കുടുംബവരുമാനത്തിന്റെ 14.1 ശതമാനം ആയിരിക്കുമ്പോൾ തന്നെ അവർ ചെയ്യുന്ന ഗാർഹിക അധ്വാനത്തിന് തൊഴിലുറപ്പ് പദ്ധതിയുടെ നിരക്കിൽ വേതനം കണക്കാക്കിയപ്പോൾ അത് കുടുംബവരുമാനത്തിന്റെ 36.1 ശതമാനമായി വർധിച്ചു. സ്ത്രീകളുടെ കമ്പോളവരുമാനം താഴ്ന്ന സാമൂഹിക-സാമ്പത്തികമേഖലയിൽനിന്ന് മുകളിലേക്ക് ക്രമാനുഗതമായി വർധിക്കുന്നു (സ്ത്രീ പഠനം 2008). ഈ കണക്കുകൾ സ്ത്രീകളുടെ ഇരട്ട അധ്വാനത്തെ ശരിവയ്ക്കുകയും ഒപ്പം വ്യത്യസ്ത സാമൂഹിക-സാമ്പത്തിക പശ്ചാത്തലമുള്ള സ്ത്രീകളുടെ വരുമാനം അവരുടെ സാമൂഹികപദവിയുടെ നേർ അനുപാതത്തിലാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

## ദുരഭിമാനക്കൊലകൾ

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിത്യസംഭവമായിക്കൊണ്ടിരിക്കുന്ന ജാത്യഭിമാന, മതാഭിമാനക്കൊലകളും കുറ്റകൃത്യങ്ങളും കേരളത്തിലും തലപൊക്കിത്തുടങ്ങിയത് അത്യന്തം ഗൗരവത്തോടെ കാണേണ്ടതുണ്ട്. സ്ത്രീകൾ, ട്രാൻസ് വിഭാഗങ്ങൾ, പെൺകുട്ടികൾ എന്നിവരെയാണ് ഇത് ഏറ്റവും മാരകമായി ബാധിക്കുന്നത്. ജാതി–മത ബോധങ്ങൾ മാത്രമല്ല ഇത്തരം കുറ്റകൃത്യങ്ങൾക്ക് പ്രേരണ എന്ന് തിരിച്ചറിയേണ്ടതുണ്ട്. ശക്തമായ പാട്രിയാർക്കൽ (പിതൃമേധാവിത്തപരമായ) ബോധവും ഇതിനു പിന്നിലുണ്ട്. മക്കൾ, അവരുടെ നേട്ട–കോട്ടങ്ങൾ, ജീവിതം ഒക്കെ പിതാവിന്റെ അഭിമാനത്തെയും അപമാനത്തെയും നിർണയിക്കുന്നതായി കരുതപ്പെടുന്നു. അച്ഛന് കുടുംബത്തിലെ എല്ലാവരെയും നിയന്ത്രിക്കുന്നതിനും അടിച്ചമർത്തുന്നതിനുമുള്ള അധികാരം നൽകുന്ന പാട്രിയാർക്കിയെ മതങ്ങളെല്ലാം പിന്തുണയ്ക്കുകയും ചെയ്യുന്നു. അതിനാൽ ജനാധിപത്യം നിലനിൽക്കുന്ന കുടുംബഘടനയ്ക്കു വേണ്ടിയുള്ള പോരാട്ടംകൂടി ലിംഗസമത്വവാദങ്ങളിൽ കൂട്ടിയിണക്കേണ്ടതുണ്ട്.

## കേരളസമൂഹത്തിന് പ്രായം കൂടുന്നു

കേരളത്തിലെ സ്ത്രീ–പുരുഷ അനുപാതം 2011ലെ സെൻസസ് അനുസരിച്ച് 1000 പുരുഷന്മാരും 1084 സ്ത്രീകളുമാണ്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും കേരളത്തിലെ സ്ത്രീകൾ മുന്നിട്ട് നിൽക്കുന്നു. 2011ൽ ഇന്ത്യയിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ 8%വും കേരളത്തിലേത് 12.6 ശതമാനവുമാണ്. ആശ്രിതത്വ കണക്കുകളിലും കേരളം 14.2 ശതമാനവും ഇന്ത്യ 19.6 ശതമാനവുമാണ്.

കേരളത്തിലെ വയോജനങ്ങളിൽ സ്ത്രീകളുടെ എണ്ണം കൂടുതലായതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന ആവശ്യമായി വരുന്നുണ്ട്.

## പൊതു പ്രശ്നങ്ങൾ

ലിംഗപദവി തുല്യത എന്നത് അടിസ്ഥാനപരമായ ഒരു മനുഷ്യാവകാശ പ്രശ്നമാണ്. എല്ലാ മനുഷ്യർക്കും അവരുടെ ശേഷികളും സാധ്യതകളും പൂർണമായി ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

## ലിംഗതുല്യതയിലേക്ക്

ഒരേസമയം സജീവമായ ഒരു അക്കാദമിക പഠനമേഖലയും, ഒപ്പം നമ്മുടെ ദൈനംദിനജീവിതത്തെയും വികസന കാഴ്ചപ്പാടുകളെയും ഒക്കെ നിരന്തരം സ്പർശിക്കുന്ന ഒരു സജീവ വിഷയവുമാണ് ജൻഡർ അഥവാ ലിംഗപദവി. ലിംഗതുല്യതാവാദം അഥവാ ഫെമിനിസ്റ്റ് മുന്നേറ്റങ്ങളാണ് ഈ വിഷയത്തെ ഏറ്റവും കൂടുതൽ പൊതുശ്രദ്ധയിലേക്ക് എത്തിച്ചത്. നിലവിൽ സുസ്ഥിരവികസനലക്ഷ്യങ്ങൾ (SDG) ഉൾപ്പെടെ ഉള്ള ആഗോള വികസന ചർച്ചകളിൽ എല്ലാം ജൻഡർ ഒരു പ്രധാന ഘടകമാണ്.

## സെക്സും ജൻഡറും

ജീവശാസ്ത്രപരമായ സൂചകങ്ങളാൽ നിർണയിക്കുന്ന ലിംഗഭേദം അഥവാ സെക്സിൽനിന്നും വ്യത്യസ്തമായ ഒന്നാണ് ലിംഗപദവി, ലിംഗസ്വത്വം എന്നിവയെ സൂചിപ്പിക്കുന്ന ജൻഡർ. ജനിതക–ജനനേന്ദ്രിയ–ജനനഗ്രന്ഥി (3G) അവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ സെക്സ് നിർണയിക്കാറ് (Assignment of sex at birth). ക്രോമസോം ഘടന, ബാഹ്യ ലൈംഗികാവയവങ്ങൾ, ആന്തരിക ലൈംഗികാവയവങ്ങൾ എന്നിവയാണ് ഇവിടെ പരിഗണിക്കുന്നത്. പരമ്പരാഗതമായി ജനനസമയത്ത് ഒരാളുടെ ബാഹ്യ ലൈംഗികാവയവങ്ങളുടെ ഘടന മാത്രം ഉപയോഗിച്ചാണ് ലിംഗഭേദം നിർണയിച്ചു പോന്നിരുന്നത്. ഭൂരിഭാഗം ആളുകളിലും ഈ മൂന്നു ഘടകങ്ങളും ഒരേദിശയിൽ ആയിരിക്കും. എന്നാൽ 1–2 ശതമാനം ആളുകളിൽ ഈ സജ്ജീകരണം വ്യത്യസ്തമായ രീതിയിൽ കാണപ്പെടാം. ഇവർ ഇന്റർസെക്സ് എന്ന വിഭാഗത്തിൽ പെടുന്നു.

ജൻഡർ എന്നത് ഒരാളുടെ ലിംഗസ്വത്വവും (Gender Identity) അതിന്റെ പ്രകാശനവും (Gender Expression) ചേരുന്ന, സാമൂഹികമായിക്കൂടി സ്വാധീനിക്കപ്പെടുന്ന ഒരു സ്വയം തിരിച്ചറിയൽ ആണ്. സെക്സിനെ അപേക്ഷിച്ച് ജൻഡർ കൂടുതൽ ചലനാത്മകമാണ്. നിർണയിക്കപ്പെട്ട (assigned) സെക്സും ജൻഡറും തമ്മിലുള്ള പൊരുത്തം ഓരോരുത്തരിലും വ്യത്യസ്തമാവാം. ഇങ്ങനെ സെക്സും ജൻഡറും ഒരേദിശയിൽ അല്ലാത്ത വ്യക്തികൾക്ക് ട്രാൻസ്ജൻഡർ സ്വത്വം ആണ് ഉണ്ടാവുക. ഈയടുത്തകാലംവരെയും ട്രാൻസ്ജൻഡർ അവസ്ഥ ഒരു മാനസികരോഗമായി തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ലോകാരോഗ്യസംഘടന തങ്ങളുടെ രോഗനിർണയ സഹായഗ്രന്ഥമായ ICD (international Classification of Diseases)യിൽ ലിംഗസ്വത്വവുമായി ബന്ധപ്പെട്ടുള്ള ഇത്തരം വ്യതിയാനങ്ങളും അവമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും മാനസികരോഗങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയത് 2019ൽ മാത്രമാണ്. സ്ത്രീ–പുരുഷ ദ്വന്ദ്വം (Binary) എന്ന രീതിയിൽമാത്രം ലിംഗസ്വത്വത്തെ മനസ്സിലാക്കുന്ന നമ്മുടെ പരമ്പരാഗത കാഴ്ചപ്പാടും ലിംഗ സ്വത്വത്തെ സംബന്ധിച്ച ശാസ്ത്രീയമായ അറിവിന്റെ കുറവും ഒക്കെ ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്.

സ്ത്രീ–പുരുഷ ദ്വന്ദ്വാടിസ്ഥാനത്തിൽ സജ്ജീകരിക്കപ്പെട്ട നമ്മുടെ പരമ്പരാഗത സമൂഹങ്ങളിൽ രണ്ട് ലിംഗത്തിലും പെട്ടവർക്ക് വ്യത്യസ്ത തരം കടമകളും (Gender Roles) സ്വാഭാവികമായി നിശ്ചയിക്കപ്പെട്ടും പരിശീലിക്കപ്പെട്ടും പോന്നിരുന്നു. ഓരോ സംസ്കാരത്തിലും വ്യത്യസ്തമായ അളവിലും രൂപത്തിലും ആണെങ്കിലും ഇവ ഏറെക്കുറെ സാർവത്രികമായി കണ്ടുവരുന്നവയാണ്. കുടുംബ, സാമൂഹികബന്ധങ്ങളിലും കുട്ടികളെ വളർത്തുന്ന പ്രക്രിയയിലും ഒക്കെ ഈ ജൻഡർ റോളുകൾ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഓരോ വ്യക്തിയും തങ്ങളുടെ ജൻഡർ റോളുകൾക്കനുസരിച്ച് പെരുമാറണം എന്ന് ഓരോ സാമൂഹികസ്ഥാപനവും പ്രതീക്ഷിക്കുകയും,

അത്തരം പ്രതീക്ഷകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ കുറ്റപ്പെടുത്ത ലുകൾക്കോ ശിക്ഷകൾക്കോ ഒക്കെ വിധേയരാവുകയും ചെയ്യാറുണ്ട്. ഇത് അധികാരശ്രേണിയിൽ താഴെയുള്ള സ്ത്രീകളും പരമ്പരാഗത ദ്വന്ദ്വ സങ്ക ല്പത്തിന് പുറത്തു നിൽക്കുന്നവരും ഉൾപ്പെടെയുള്ളവർക്ക് വലിയ ബുദ്ധി മുട്ടുകൾ ഉണ്ടാക്കാറുണ്ട്. ഇത്തരം റോളുകളുമായി വളരെ അടുത്ത ബന്ധ മാണ് ജൻഡർ വാർപ്പ് മാതൃകകൾക്ക് (Gender Stereotypes) ഉള്ളത്. ഓരോ ലിംഗത്തിലും പെട്ട ആളുകളെപ്പറ്റി ഒരു സമൂഹത്തിൽ നിലനിൽക്കു ന്ന അങ്ങേയറ്റം ലളിതവത്കരിക്കപ്പെട്ട മുൻവിധികളാണ് ജൻഡർ വാ ർപ്പുമാതൃകകൾ. ഈ മുൻവിധികളിൽ ആളുകളുടെ മനോഭാവം, സ്വഭാവം, പെരുമാറ്റരീതികൾ, കഴിവുകൾ ഇവയൊക്കെ ഉൾപ്പെടും . ഈ വാർപ്പു മാ തൃകകൾ അതിരിടൽ സ്വഭാവമുള്ളതോ ('പെൺകുട്ടികൾക്ക് എഞ്ചിനീയ റിങ് വൈദഗ്ധ്യം കുറവാണ്') സൗമ്യമോ ('സ്ത്രീകൾക്ക് സഹനശേഷി കൂടുതലാണ്') ആവാം. ഏത് രൂപത്തിലായാലും അവ ദോഷകരമാണ്. വ്യക്തികളുടെ കഴിവുകളെയും ആത്മവിശ്വാസത്തെയും ജീവിതസാധ്യത കളെയും ഒക്കെ വളരെ മോശമായ രീതിയിൽ ബാധിക്കാൻ ഈ വാർപ്പു മാതൃകകൾക്ക് സാധിക്കും.

### പുതിയ തിരിച്ചറിവുകൾ

ലിംഗവും ലിംഗപദവിയും ഒക്കെ ദ്വന്ദ്വങ്ങളിൽ ഒതുങ്ങുന്നവയല്ല എന്നും, അവയിലെ വ്യത്യസ്തതകൾ രോഗാവസ്ഥകൾ അല്ല എന്നുമുള്ള തിരിച്ചറി വ് നമ്മെ പുതിയ ചില ധാരണകളിലേക്ക് നയിച്ചു. പ്രത്യേകിച്ചും ജൻഡറി ന്റെ കാര്യത്തിൽ അതൊരു തുടർച്ച (continuum) ആണെന്നാണ് ഇപ്പോ ഴത്തെ ഏറ്റവും അംഗീകൃതമായ ബോധ്യം. നാം നൂറ്റാണ്ടുകളായി പരിശീ ലിച്ചുപോരുന്ന സ്വന്തം ലിംഗം, എതിർലിംഗം എന്നൊക്കെയുള്ള ധാരണ കളും അവയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികനിർമ്മിതികളും കാലക്ര മേണ മാറി വരേണ്ടതുണ്ട്.

തങ്ങളുടെ ജൻഡറുമായി ബന്ധപ്പെട്ട ഏതെങ്കിലും പരിമിതി ഇല്ലാതെ എല്ലാവർക്കും തുല്യ അവകാശങ്ങളും അവസര സാധ്യതകളും ഉറപ്പാക്ക ണം എന്നതാണ് ലിംഗതുല്യതാവാദത്തിന്റെ കാതൽ. സ്ത്രീകളുടെ അവകാ ശങ്ങളും സമത്വവും ഉയർത്തിപ്പിടിക്കുന്നതിലാണ് ആദ്യകാല ലിംഗതുല്യതാ വാദപ്രസ്ഥാനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെങ്കിലും ദ്വന്ദ്വ ആശയത്തി ൽനിന്നും മാറി, ജൻഡർ തുടർച്ചാ ബോധ്യത്തിൽ എത്തിനിൽക്കുമ്പോൾ ജൻഡർ തുടർച്ചയിൽപെട്ട എല്ലാവരുടെയും സമത്വം എന്ന ആശയത്തി ലേക്ക് സമകാലിക ലിംഗതുല്യതാവാദം സ്വയം വികസിച്ചിട്ടുണ്ട്.

ജൻഡറുമായി അടുത്ത ബന്ധമുള്ള, എന്നാൽ പ്രത്യേകം മനസ്സിലാ ക്കേണ്ട മറ്റൊരു ജൈവ-സാമൂഹികഘടകമാണ് ലൈംഗികത. ഒരു വ്യ ക്തിയുടെ ലൈംഗികാഭിമുഖ്യവും (sexual orientation) താത്പര്യങ്ങളും (sexual preference) മറ്റുള്ളവരോടുള്ള വൈകാരികവും ശാരീരികവുമായ ആകർഷണവും ഒക്കെ ലൈംഗികതയിൽ ഉൾപ്പെടും. ഒരു വ്യക്തിക്ക് മറ്റു

ള്ളവരോട് തോന്നുന്ന ഏറെക്കുറെ സ്ഥിരമായിട്ടുള്ള വൈകാരികവും പ്രണയപരവും ലൈംഗികവുമായ ആകർഷണത്തെ ലൈംഗികാഭിമുഖ്യം എന്ന് വിളിക്കാം. ഈ ആകർഷണങ്ങൾ കാരണം ഒരാൾക്ക് ഉണ്ടാകുന്ന വ്യക്തിപരവും സാമൂഹികവുമായ സ്വത്വബോധം കൂടിയാണ് ആ വ്യക്തിയുടെ ലൈംഗികാഭിമുഖ്യം. ഹെറ്ററോസെക്ഷ്വാലിറ്റി, ഹോമോസെക്ഷ്വാലിറ്റി, ബൈസെക്ഷ്വാലിറ്റി, പാൻസെക്ഷ്വാലിറ്റി എന്നിങ്ങനെ പലതരം ലൈംഗികാഭിമുഖ്യങ്ങൾ ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട്.

ജൻഡറിന്റെയും ലൈംഗികതയുടെയും കാര്യത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന പരമാവധി വിവേചനരഹിതമായ ഒരു ഭാഷയും സാമൂഹിക അന്തരീക്ഷവും രൂപപ്പെട്ടു വരേണ്ടതുണ്ട്. കാലങ്ങളായി നടന്നുവരുന്ന ഈ ദിശയിലെ ശ്രമങ്ങളിൽ അടുത്തകാലത്ത് ആശാവഹമായ ചില മാറ്റങ്ങൾ കണ്ടു വരുന്നുണ്ട്. പരമ്പരാഗതമായ 'എതിർലിംഗ'ത്തിൽ പെട്ടവരല്ലാത്തവരോട് ലൈംഗികാഭിമുഖ്യം തോന്നുന്ന ആളുകളെ വിശേഷിപ്പിക്കാൻ ഏതാണ്ട് പതിനേഴാംനൂറ്റാണ്ട് മുതൽ ഉപയോഗിച്ചുവന്നിരുന്ന അവഹേളനപരമായ 'ഗേ' (gay) എന്ന പ്രയോഗം പിന്നീട് ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ സ്വവർഗാനുരാഗ അവകാശപ്രസ്ഥാനങ്ങൾ വീണ്ടെടുക്കുകയും സ്വയം വിശേഷിപ്പിക്കാൻ ഉപയോഗിച്ചുതുടങ്ങുകയും ചെയ്തിരുന്നു. ഇതിനോട് ലെസ്ബിയൻ, ബൈസെക്ഷ്വൽ എന്നീ പദങ്ങളും, പിന്നീട് ട്രാൻസ്ജൻഡർ എന്നതും കൂട്ടിച്ചേർത്ത് LGBT എന്ന സംക്ഷേപം ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശാബ്ദത്തിൽ രൂപം കൊണ്ടു. ഇതിലേക്കു പിന്നീട് ക്യുവർ (Queer), ഇന്റർസെക്സ്, അസെക്ഷ്വൽ, മറ്റുള്ളവർ തുടങ്ങിയവരെ ഉൾക്കൊള്ളിക്കാനായി ഈ സംക്ഷേപം LGBTQIA+ എന്നായി മാറി. ലിംഗ ലൈംഗികന്യൂനപക്ഷങ്ങൾ (Sexual and gender minorities) എന്ന പ്രയോഗവും വ്യാപകമായി ഉപയോഗിച്ചുപോന്നു. അപ്പോഴും ലിംഗസ്വത്വങ്ങളിലെയും ലൈംഗികാഭിമുഖ്യങ്ങളിലെയും വൈവിധ്യത്തെയും തുടർച്ച എന്ന സങ്കല്പത്തെയും ഉൾക്കൊള്ളിക്കാൻ ഈ സംക്ഷേപത്തിനായില്ല എന്ന പ്രശ്നം ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. മാത്രമല്ല, വിവിധ സംസ്കാരങ്ങളിൽ നിലനിൽക്കുന്ന ലൈംഗിക സ്വത്വബോധങ്ങളുടെ പ്രാതിനിധ്യവും പ്രയാസമായി. കുറച്ചു മനുഷ്യരുടെ ലിംഗ സ്വത്വത്തെയും ലൈംഗികതയെയും മാത്രം പരാമർശിച്ച് ഒരു ഭൂരിപക്ഷത്തെയും ന്യൂനപക്ഷത്തെയും സൃഷ്ടിക്കുന്ന ആദ്യകാല സമീപനങ്ങളിൽനിന്ന് മാറി എല്ലാ മനുഷ്യർക്കും ബാധകമായ ലിംഗസ്വത്വ, ലൈംഗികാഭിമുഖ്യ, ലിംഗത്വാവസ്ഥകളെ വിശേഷിപ്പിക്കുന്ന കൂടുതൽ ജനാധിപത്യപരമായ ഒരു പ്രയോഗവും സമീപനവും ഈയടുത്ത കാലത്ത് നിർദേശിക്കപ്പെട്ടിട്ടുണ്ട്. ലൈംഗികാഭിമുഖ്യം (sexual orientation), ലിംഗസ്വത്വം (gender identity), ലിംഗസ്വത്വ പ്രകാശനം (gender expression), ലൈംഗിക സവിശേഷതകൾ (sex characteristics) എന്നിവയുടെ സംക്ഷേപമായ SOGIESC ആണിത്. അന്തർദേശീയ മനുഷ്യാവകാശ പ്രമാണസംഹിതയായ യോ

ഗ്യകാർട്ടാ പ്രമാണങ്ങൾ ഈ സംക്ഷേപം അംഗീകരിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ കൗൺസിൽ ഉൾപ്പെടെയുള്ള സംഘങ്ങളും കേരളത്തിൽ ഉൾപ്പെടെയുള്ള മനുഷ്യാവകാശപ്രസ്ഥാനങ്ങളും ഈ പ്രയോഗം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

## പുതിയ വെല്ലുവിളികൾ

ലിംഗതുല്യതാവാദ, മനുഷ്യാവകാശ പ്രവർത്തനങ്ങളുടെയും അരികുവത്കരിക്കപ്പെട്ട മനുഷ്യരുടെ പോരാട്ടങ്ങളുടെയും ഫലമായി വികസന ചർച്ചകളിലും ദൈനംദിനവ്യവഹാരങ്ങളിലും തുല്യത സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ ഉയർന്നുവരുന്നുണ്ടെങ്കിലും തുല്യതാസങ്കല്പത്തിന് വിരുദ്ധമായ ചില പ്രവണതകൾ ആഗോളതലത്തിലും പ്രാദേശികമായും നിലനിൽക്കുന്നു എന്നതും തിരിച്ചറിയേണ്ടതുണ്ട്. ഫെമിനിസത്തിനെതിരെയും പരമ്പരാഗതമല്ലാത്ത ജൻഡർ സ്വത്വങ്ങളും ലൈംഗികാഭിമുഖ്യങ്ങളും ഉള്ളവർക്കെതിരെയും ആഗോളതലത്തിൽ വലതുപക്ഷ നിലപാടുകളുള്ള സംഘടനകളും രാഷ്ട്രീയപ്രസ്ഥാനങ്ങളും മത–സാമുദായിക മൗലികവാദസംഘങ്ങളും നടത്തുന്ന പ്രചാരണങ്ങൾ സവിശേഷശ്രദ്ധ അർഹിക്കുന്നവയാണ്. ഡൊണാൾഡ് ട്രംപിനെയും ബോൾസനാരോവിനെയും പോലുള്ള ശക്തരായ നേതാക്കളും ആൻഡ്രൂ ടേറ്റിനെയും ജോർദൻ പീറ്റേഴ്സണെയുംപോലെയുള്ള സെലിബ്രിറ്റികളും ഒക്കെ ഈ പുതിയ മുന്നേറ്റത്തിന്റെ ഭാഗമാണ്. പലതരം ഗൂഢാലോചനാസിദ്ധാന്തങ്ങളും ലോകമെമ്പാടുമുള്ള ചെറുപ്പക്കാരിലേക്ക് പ്രത്യേകിച്ചും ആൺകുട്ടികളിലേക്ക് എത്തുന്നതിന് കഴിഞ്ഞ ഏതാനും വർഷങ്ങൾ സാക്ഷിയാണ്. പ്രധാനമായും ഇന്റർനെറ്റിൽ നിലനിൽക്കുന്ന ഈ സ്ത്രീവിരുദ്ധ, ക്വിയർവിരുദ്ധ അന്തരീക്ഷത്തിനെ manosphere എന്നും, അവർ പ്രചരിപ്പിക്കുന്ന പ്രതിലോമ സംസ്കാരത്തെ Incel (Involuntary celebate) Culture എന്നും ആണ് വിളിക്കുന്നത്. Incel ആശയങ്ങളാൽ ആകൃഷ്ടരായി സ്ത്രീകൾക്കും ക്വിയർ മനുഷ്യർക്കും എതിരായി കൂട്ടക്കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമങ്ങൾ ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നതായി ആശങ്കയുണ്ട്. ഓൺലൈൻ മാധ്യമങ്ങൾവഴി മലയാളത്തിലും ഇത്തരം ആശയങ്ങൾ പ്രചരിക്കുന്നുണ്ട്. നമ്മുടെ സാമൂഹികാന്തരീക്ഷ ത്തിൽ വരുന്ന ഇത്തരം മാറ്റങ്ങൾ നിരീക്ഷിക്കുകയും അവയോട് കൃത്യമായി പ്രതികരിക്കുകയും ചെയ്യുന്ന ഒരു സാമൂഹിക ജാഗ്രത നമുക്ക് ആവശ്യമാണ്.

## തുല്യതയുടെ പല മാനങ്ങൾ

സ്ത്രീകളും മറ്റ് പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പലപ്പോഴും ഒരൊറ്റ മാനം അല്ല ഉണ്ടാവുക. ഒരേസമയം സ്ത്രീ ആയിരിക്കുകയും ദളിത് ആയിരിക്കുകയും ചെയ്യുന്ന ഒരാളുടെ ജീവിത വെല്ലുവിളികൾ ആവില്ല സ്ത്രീ ആയിരിക്കുകയും ഏതെങ്കിലും വൈകല്യം അനുഭവിക്കുകയും ചെയ്യുന്ന ഒരാളുടേത്. ഓരോ മനുഷ്യർക്കും തങ്ങളുടെ പല

സ്വത്വങ്ങൾ മൂലം അനുഭവിക്കേണ്ടിവരുന്ന വെല്ലുവിളികളുടെയും ബുദ്ധിമുട്ടുകളുടെയും സങ്കീർണതയെയും അവയുടെ സഞ്ചിത സ്വാധീനത്തെയും കണക്കിലെടുക്കുന്ന ഒരു സമീപനമാണ് ഇന്റർസെക്ഷണാലിറ്റി (Intersectionality) എന്നത്. ഇന്ത്യയിലെയും കേരളത്തിലെയും സാഹചര്യത്തിൽ ജാതി, വർഗം, ശാരീരിക പരിമിതികൾ എന്നിങ്ങനെ പല അടരുകളായി ഇന്റർസെക്ഷണാലിറ്റിയെ മനസ്സിലാക്കാം. തുല്യത സംബന്ധിച്ച ചർച്ചകളിൽ ജൻഡറിനെയോ ലൈംഗികതയെയോ ഒക്കെ ഒറ്റയൊറ്റ ഘടകങ്ങളായി കാണുന്നതിന് പകരം അവയുടെ കൂട്ടായപ്രവർത്തനത്തെ കൂടി കണക്കിലെടുത്ത് പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഈ സമീപനം നമ്മെ സഹായിക്കും.

തുല്യതയ്ക്ക് വേണ്ടിയുള്ള വാദത്തെയും പോരാട്ടത്തെയും പൗരത്വം എന്ന വലിയ കാൻവാസിൽ കൂടി കാണാനുള്ള ശ്രമവും ഉണ്ടാവേണ്ടതാണ്. ഭരണഘടന തുല്യത വാഗ്ദാനം ചെയ്യുമ്പോഴും വൈവാഹിക ബലാത്സംഗം, ലൈംഗികാഭിമുഖ്യ നിരപേക്ഷമായി വിവാഹത്തിനുള്ള അവകാശം തുടങ്ങിയ പല വിഷയങ്ങളിലും ഭരണകൂടത്തിന്റെയും പൊതുസമൂഹത്തിന്റെയും കോടതികളുടെയും ഒക്കെ നിലപാടുകളെ കൃത്യമായി വിശകലനം ചെയ്യാനും അസമത്വം എങ്ങനെയാണ് സ്ഥാപനവത്കരിക്കപ്പെട്ടുപോരുന്നത് എന്ന് മനസ്സിലാക്കാനും തുല്യതയെ പൗരത്വവുമായി ബന്ധിപ്പിച്ച് മനസ്സിലാക്കുന്നതിലൂടെ സാധിക്കും.

വ്യക്തികൾ എന്ന നിലയിൽ നമ്മൾ തുല്യതാസങ്കല്പത്തെ എത്രമാത്രം മനസ്സിലാക്കുന്നു എന്നതും സ്വാംശീകരിക്കുന്നു എന്നതും അതേപോലെ പ്രധാനപ്പെട്ട കാര്യമാണ്. ജനാധിപത്യം എന്നത് ഒരു ഭരണതത്വം എന്നതിലുപരി നമ്മുടെയൊക്കെ വൈയക്തിക ജീവിതങ്ങളെ നയിക്കുന്ന ഒരു മൂല്യസംഹിതയായി നാം മനസ്സിലാക്കി പരിശീലിക്കുന്നുണ്ടോ എന്നത് സ്വയം ചോദിക്കാവുന്ന ചോദ്യമാണ്. കുടുംബങ്ങളിലും തൊഴിലിടങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും തുടങ്ങി പ്രണയത്തിലും ദാമ്പത്യത്തിലും വരെ ഉണ്ടാവേണ്ട ഒരു മൂല്യമായി ജനാധിപത്യത്തെ മനസ്സിലാക്കിയാൽ ജൻഡർ തുല്യത എന്ന ലക്ഷ്യത്തെ നമ്മുടെ വികസന സങ്കല്പങ്ങളിലേക്ക് ഉൾച്ചേർക്കൽ കൂടുതൽ എളുപ്പമായി മാറും.

ജൻഡർ അവബോധം വർധിപ്പിക്കാൻ നിരന്തരമായ ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. രാജ്യത്ത് ആദ്യമായി ഒരു ട്രാൻസ്ജൻഡർ പോളിസി കൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. എങ്കിലും സർക്കാർതലത്തിലെ ഇടപെടലുകൾക്കപ്പുറം സാമൂഹികമായ ഉൾക്കൊള്ളൽ തന്നെയാണ് പ്രധാനം. അതിനായി പുതിയ കാലത്തെ മനസ്സിലാക്കാനും തങ്ങളെത്തന്നെ പുതുക്കിപ്പണിയാനും കേരളീയസമൂഹം തയ്യാറാവേണ്ടതുണ്ട്.